# ഹയർ സെക്കണ്ടറി തുല്യത കോഴ്സ്

**(HIGHER SECONDARY EQUIVALENCY COURSE)**

**(FIRST YEAR)**

XI

## അധ്യാപകസഹായി
## സോഷ്യോളജി

**കേരള സർക്കാർ**
**പൊതുവിദ്യാഭ്യാസ വകുപ്പ്**
Department of General Education

തയാറാക്കിയത്

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി (KSLMA)

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2019

# ആമുഖം

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച ഹയർസെക്കണ്ടറി തുല്യതാകോഴ്സ് ഇന്ത്യയിലെ തന്നെ ആദ്യസംരംഭ മാണ്. എസ്.സി.ഇ.ആർ.ടിയുടെ അക്കാദമിക് സഹകരണത്തോടെ തയാറാക്കിയ ഹയർസെക്കണ്ടറി തുല്യതാ അധ്യാപകസഹായിയിൽ ഇംഗ്ലീഷ്, മലയാളം, ഹിന്ദി, ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, ഗാന്ധിയൻ സ്റ്റഡീസ്, ബിസിനസ്സ് സ്റ്റഡീസ്, അക്കൗണ്ടൻസി എന്നിങ്ങനെ 10 വിഷയങ്ങളിലായി 13 പുസ്തകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

സമ്പർക്ക പഠന ക്ലാസ്സുകളിൽ പഠിതാക്കളെ പങ്കെടുപ്പിച്ച് പഠനത്തിനിടയി ലുണ്ടാകുന്ന സംശയങ്ങളും പ്രയാസങ്ങളും പരിഹരിക്കേണ്ടതും പഠിതാക്കളുടെ സംശയനിവൃത്തിക്ക് അധ്യാപകസഹായിയുടെ സാധ്യതകൾ പരമാവധി പ്രയോ ജനപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്. പാഠഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള ചിത്ര ങ്ങളും പട്ടികകളും പ്രവർത്തനങ്ങളും അധ്യാപകസഹായിയുടെ പിൻബലത്തിൽ പരമാവധി ഉപയോഗപ്പെടുത്തേണ്ടതാണ്. അനുബന്ധ പഠനപ്രവർത്തനങ്ങൾ കൊണ്ടും ചർച്ചകൾ കൊണ്ടും സമ്പർക്കപഠനത്തെ രസകരമായ അനുഭവമാക്ക ണമെന്ന് ഓർമിപ്പിക്കുന്നു. ഈ അധ്യാപകസഹായിയുടെ നിർമ്മാണത്തിൽ ആത്മാർത്ഥതയോടെ പങ്കെടുത്ത അധ്യാപകർ, വിദഗ്ധസമിതി അംഗങ്ങൾ, എസ്.സി.ഇ.ആർ.ടി പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർക്ക് സ്നേഹാദരപൂർവം നന്ദി അർപ്പിക്കുന്നു.

ആശംസകളോടെ

**ഡോ. പി എസ് ശ്രീകല**
ഡയറക്ടർ
കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

# ഉള്ളടക്കം

1 സമൂഹശാസ്ത്രവും സമൂഹവും ........ 1-3

2. പദങ്ങളും സങ്കല്പനങ്ങളും അവയുടെ
ഉപയോഗവും സമൂഹശാസ്ത്രത്തിൽ ........ 4-6

3. സാമൂഹ്യ സ്ഥാപനങ്ങളെ മനസ്സിലാക്കൽ ........ 7-9

4. സംസ്കാരവും സാമൂഹീകരണവും ........ 10-12

5. സമൂഹശാസ്ത്രപഠന ഗവേഷണരീതികൾ ........ 13-14

6. സാമൂഹ്യഘടന,സാമൂഹ്യശ്രേണീകരണം
സാമൂഹ്യപ്രക്രിയകൾ ........ 15-17

7. സാമൂഹ്യമാറ്റവും സാമൂഹ്യക്രമവും
ഗ്രാമ-നഗര സമൂഹങ്ങളിൽ ........ 18-20

8. പരിസ്ഥിതിയും സമൂഹവും ........ 21-24

9. പാശ്ചാത്യസമൂഹശാസ്ത്രജ്ഞരെ
പരിചയപ്പെടുത്തൽ ........ 25-27

10. ഇന്ത്യൻ സമൂഹശാസ്ത്രജ്ഞൻമാർ ........ 28-29

# അധ്യായം- 1

# സമൂഹശാസ്ത്രവും സമൂഹവും

സമ്പർക്ക ക്ലാസ്സിലെ സമയം : 2½ മണിക്കൂർ

**1.1 ആമുഖം**

ഒരു ശാസ്ത്ര ശാഖ എന്ന നിലയിൽ യൂറോപ്പിലും ഇന്ത്യയിലും സമൂഹശാസ്ത്രത്തിന്റെ ഉത്ഭവവും വളർച്ചയുമാണ് ഈ പാഠഭാഗത്ത് മുഖ്യമായും പ്രതിപാദിച്ചിരിക്കുന്നത്. ഈ യൂണിറ്റിലൂടെ കടന്നു പോകുമ്പോൾ സാമാന്യബോധത്തിൽ നിന്നും തത്വചിന്താപരവും മതപരവുമായ ചിന്തകളിൽ നിന്നും വ്യത്യസ്തമായി, സമൂഹത്തെക്കുറിച്ചുള്ള വസ്തുനിഷ്ഠമായ കാഴ്ചപ്പാടിന്റെ ആവശ്യകത പഠിതാക്കൾക്ക് ബോധ്യപ്പെടുന്ന തരത്തിലാവണം പഠന പ്രവർത്തനങ്ങൾ ക്രമീകരിക്കേണ്ടത്.

യൂറോപ്പിൽ സമൂഹശാസ്ത്രത്തിന്റെ ഉത്ഭവത്തെയും വളർച്ചയെയും സ്വാധീനിച്ചത് പതിനേഴ്-പതിനെട്ട് നൂറ്റാണ്ടുകളിൽ പരിണാമസിദ്ധാന്തത്തിലൂടെയും ജ്ഞാനോദയത്തിലൂടെയും ശാസ്ത്ര വിജ്ഞാനത്തിലുണ്ടായ വൻ മുന്നേറ്റത്തിലൂടെയും രൂപം കൊണ്ട ധൈഷണിക ആശയങ്ങളും മുതലാളിത്തത്തിന്റെയും വ്യവസായവൽക്കരണത്തിന്റെയും അനന്തര ഫലങ്ങളായി രൂപംകൊണ്ട സാമൂഹ്യ പ്രശ്നങ്ങളും കാരണമായിരുന്നെങ്കിൽ, ഇന്ത്യയിൽ സ്ഥിതി വ്യത്യസ്തമായിരുന്നു. യൂറോപ്യൻ ചിന്തകന്മാർക്ക് ഇന്ത്യയെക്കുറിച്ചുണ്ടായിരുന്ന വികലമായ കാഴ്ചപ്പാടിനെ വെല്ലുവിളിച്ചുകൊണ്ടാണ് ഇന്ത്യയിൽ സമൂഹശാസ്ത്രം വളർന്നത്.

സമൂഹത്തെക്കുറിച്ച് പ്രതിപാദിക്കുന്ന മറ്റ് സാമൂഹ്യശാസ്ത്രങ്ങളുമുണ്ടെന്നും ആയതിനാൽ അന്തർ വിഷയബന്ധിയായ ഒരു സമീപനമാണ് സമൂഹത്തെക്കുറിച്ചുള്ള പഠനത്തിൽ കൂടുതൽ അഭികാമ്യമെന്നും പഠിതാക്കളെ ബോധ്യപ്പെടുത്തേണ്ടതുണ്ട്.

**1.2. യൂണിറ്റ് ഫ്രെയിം**

| പദങ്ങൾ/ | പ്രക്രിയയും പ്രവർത്തനങ്ങളും | പഠന നേട്ടങ്ങൾ |
|---|---|---|
| സമൂഹശാസ്ത്ര സങ്കല്പം | **പ്രവർത്തനം:**<br>ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള ചർച്ച. C.W. മിൽസിനെക്കുറിച്ചുള്ള വിശദീകരണം.<br>**വിലയിരുത്തൽ:**<br>പ്രക്രിയ : ചർച്ചയിലുള്ള പങ്കാളിത്തവും ആശയ വ്യക്തതയും<br>പോർട്ട്ഫോളിയോ: ചർച്ചാ റിപ്പോർട്ട്. | വ്യക്തിപരമായ പ്രശ്നങ്ങൾ സാമൂഹ്യപ്രശ്നങ്ങളാകാം എന്ന് തിരിച്ചറിയുന്നു. |
| സമൂഹങ്ങൾക്കിടയിലെ ബഹുസ്വരതയും അസമത്വങ്ങളും | **പ്രവർത്തനം:**<br>ചിത്രങ്ങളെ ആസ്പദമാക്കിയുള്ള ചർച്ച, സമൂഹത്തിലെ ബഹുസ്വരത വെളിവാക്കുന്ന പദസൂര്യന്റെ പൂർത്തീകരണം.<br>**വിലയിരുത്തൽ**<br>പ്രക്രിയ: ചർച്ച, പദസൂര്യൻ പൂർത്തിയാക്കൽ<br>പോർട്ട്ഫോളിയോ: പൂർത്തീകരിച്ച പദസൂര്യൻ. | സമൂഹത്തിന്റെ ബഹുസ്വരതയും അസമത്വങ്ങളും തിരിച്ചറിയുന്നു. |

| പഠങ്ങൾ/ ആശയങ്ങൾ | പ്രക്രിയയും പ്രവർത്തനങ്ങളും വിലയിരുത്തലും | പഠന നേട്ടങ്ങൾ |
|---|---|---|
| • സമൂഹശാസ്ത്രത്തെ പരിചയപ്പെടുത്തുന്നു. സമൂഹശാസ്ത്രവും സാമാന്യബോധവും | **പ്രവർത്തനം:**<br>• മനുഷ്യന്റെ സാമൂഹ്യ ജീവിതത്തെ പ്രതിപാദിക്കുന്നു ശാസ്ത്രശാഖകൾ പട്ടികപ്പെടുത്തുന്നു.<br>• സമൂഹശാസ്ത്രത്തിന്റെ പ്രത്യേകതകളെക്കുറിച്ചുള്ള ചർച്ച<br>• സമൂഹ ശാസ്ത്രപരമായ അറിവും സാമാന്യബോധവും തമ്മിലുള്ള വ്യത്യാസം ഉദാഹരണങ്ങളിലൂടെ വിശകലനം ചെയ്യുന്നു.<br>**വിലയിരുത്തൽ**<br>പ്രക്രിയ : പട്ടികപ്പെടുത്തലിലും ചർച്ചയിലുമുള്ള പങ്കാളിത്തം<br>പോർട്ട്ഫോളിയോ : പൂർത്തീകരിച്ച പട്ടിക, ചർച്ചാക്കുറിപ്പുകൾ | സമൂഹശാസ്ത്ര പഠനത്തിൽ സാമാന്യ ബോധത്തെക്കാൾ ശാസ്ത്രീയ വിശകലനത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു. |
| സമൂഹശാസ്ത്രനിർമ്മിതിയിൽ ബൗദ്ധിക ആശയങ്ങൾക്കും ഭൗതിക പ്രശ്നങ്ങൾക്കുമുള്ള പങ്ക്.<br>• സ്വാഭാവിക പരിണാമം<br>• ജൈവ പരിണാമസിദ്ധാന്തം<br>• ജ്ഞാനോദയം<br>• ശാസ്ത്രവിജ്ഞാനത്തിലുണ്ടായ മുന്നേറ്റം<br>• വ്യവസായവൽക്കരണം<br>• മുതലാളിത്ത വ്യവസ്ഥ<br>• തൊഴിൽ അപചയം<br>• നഗര സമുദായങ്ങളുടെ വളർച്ച<br>• നഗര പ്രശ്നങ്ങൾ<br>• ക്ലോക്ക് കേന്ദ്രീകൃത ജീവിതം | **പ്രവർത്തനം**<br>• സമൂഹശാസ്ത്ര നിർമിതിയിൽ ബൗദ്ധിക ആശയങ്ങൾക്കുള്ള പങ്ക് സംബന്ധിച്ച ചാർട്ട് തയാറാക്കൽ.<br>• വ്യവസായവൽക്കരണത്തിന് വിധേയമാകാത്ത സമൂഹത്തിന്റെയും വ്യവസായവൽകൃത സമൂഹത്തിന്റെയും ചിത്രങ്ങൾ നിരീക്ഷിച്ച് കുറിപ്പ് തയാറാക്കൽ.<br>• വ്യവസായവൽക്കരണത്തിന്റെ ഫലമായുണ്ടായ സാമൂഹ്യ പ്രശ്നങ്ങളെക്കുറിച്ചുള്ള ചർച്ച.<br>**വിലയിരുത്തൽ:**<br>പ്രക്രിയ : ചാർട്ട് തയാറാക്കൽ പ്രക്രിയയിലും ചർച്ചകളിലുമുള്ള പങ്കാളിത്തം<br>പോർട്ട്ഫോളിയോ: പൂർത്തീകരിച്ച ചാർട്ട്, ചർച്ചാകുറിപ്പുകൾ. | സമൂഹ ശാസ്ത്രത്തിന്റെ ഉത്ഭവത്തിനും വികാസത്തിനും ധൈഷണിക ആശയങ്ങൾക്കും ഭൗതിക പ്രശ്നങ്ങൾക്കുമുള്ള പങ്ക് വിശദീകരിക്കുന്നു. |
| • യൂറോപ്പിൽ സമൂഹശാസ്ത്രത്തിന്റെ ആരംഭത്തെയും വളർച്ചയെയും കുറിച്ചുള്ള പഠനത്തി ന്റെ പ്രസക്തി.<br>• സമൂഹശാസ്ത്ര വളർ ച്ച ഇന്ത്യയിൽ<br>• സമൂഹ ശാസ്ത്രത്തിന്റെ വ്യാപ്തി<br>• മറ്റ് സാമൂഹ്യ ശാസ്ത്രങ്ങളുമായുള്ള ബന്ധം | **പ്രവർത്തനം:**<br>• സമൂഹ ശാസ്ത്രത്തിന്റെ ഉത്ഭവത്തിന് കാരണമായ യൂറോപ്പിൽ രൂപപ്പെട്ട സംഭവ വികാസങ്ങളെ കുറിച്ചുള്ള ചർച്ച<br>• ഇന്ത്യയിൽ സമൂഹ ശാസ്ത്രത്തിന്റെ വളർച്ചയ്ക്ക് കാരണമായ സാഹചര്യങ്ങളെക്കുറിച്ചുള്ള ചർച്ച<br>• സമൂഹ ശാസ്ത്രത്തിന്റെ വ്യാപ്തി വെളിവാക്കുന്ന ആശയങ്ങളുടെ പട്ടിക തയാറാക്കൽ<br>• സമൂഹ ശാസ്ത്രത്തിന് മറ്റ് സാമൂഹ്യ ശാസ്ത്ര വിഷയങ്ങളുമായുള്ള സാമ്യ-വ്യത്യാസങ്ങളെക്കുറിച്ചുള്ള ചർച്ചയും ചാർട്ട് തയാറാക്കലും<br>• കേസ് വിശകലനം | സമൂഹ ശാസ്ത്രത്തിന്റെ സ്വഭാവവും വ്യാപ്തിയും തിരിച്ചറിയുന്നതോടൊപ്പം മറ്റ് സാമൂഹ്യ ശാസ്ത്ര വിഷയങ്ങളുമായി സമൂഹ ശാസ്ത്രത്തിനുള്ള ബന്ധം വിശദീകരിക്കുന്നു. |

### 1.3 പാഠത്തിലേക്ക്

## സമൂഹ ശാസ്ത്ര സങ്കല്പം

പാഠഭാഗം പഠിതാക്കളോട് മൗനമായ വായിക്കാനാവശ്യപ്പെടുക. തുടർന്ന് അനുയോജ്യമായ തരത്തിൽ ഗ്രൂപ്പുകളാക്കിതിരിഞ്ഞ് പട്ടിണിയെക്കുറിച്ച് പാഠഭാഗത്ത് നൽകിയിരിക്കുന്ന പഠന പ്രവർത്തനം ഏറ്റെടുക്കട്ടെ. ചർച്ചയിലൂടെ രൂപപ്പെടുന്ന ആശയങ്ങൾ പഠിതാക്കൾ നോട്ട്ബുക്കിൽ രേഖപ്പെടുത്തണം. ചർച്ചയുടെ അവസാനം ഓരോ ഗ്രൂപ്പിൽ നിന്നും ഒരാളോട് ഗ്രൂപ്പ് ചർച്ചാവേളയിലെ അംഗങ്ങളുടെ പങ്കാളിത്തം സംബന്ധിച്ച നിരീക്ഷണങ്ങൾ അവതരിപ്പിക്കുവാൻ ആവശ്യപ്പെടേണ്ടതാണ്. ഇപ്രകാരം അവതരിപ്പിക്കുന്ന ആശയങ്ങൾ പ്രക്രിയാവിലയിരുത്തലിന്റെ ഭാഗമായി അധ്യാപിക/അധ്യാപകൻ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

തുടർന്ന് ഗ്രൂപ്പ് പ്രതിനിധികൾ ചർച്ചയുടെ ഭാഗമായി രൂപീകരിച്ച ആശയങ്ങൾ അവതരിപ്പിക്കണം. ഓരോ അവതരണത്തിന് ശേഷവും ചെറിയ പൊതു ചർച്ച ആകാവുന്നതാണ്.

ഈ പഠന പ്രക്രിയയിലൂടെ പഠിതാക്കൾ താഴെ പറയുന്ന ആശയങ്ങളിൽ എത്തിച്ചേർന്നു എന്ന് ഉറപ്പുവരുത്തണം.

- സി. റൈറ്റ് മിൽസാണ് സമൂഹശാസ്ത്ര സങ്കല്പം എന്ന ആശയം രൂപീകരിച്ചത്
- വ്യക്തിപരമായ പ്രശ്നങ്ങളും സാമൂഹ്യ പ്രശ്നങ്ങളും തമ്മിലുള്ള ബന്ധം സൂചിപ്പിക്കുന്ന പദമാണിത്.
- പട്ടിണി ഒരു വ്യക്തിയെ സംബന്ധിച്ച് അയാളുടെ വ്യക്തിപരമായ അനുഭവമാണ്. എന്നാൽ തനിക്ക് ചുറ്റുമുള്ള മറ്റനേകം വ്യക്തികളും ഈ പ്രശ്നം അഭിമുഖീകരിക്കുന്നുണ്ട് എന്ന് തിരിച്ചറിയുമ്പോൾ ഇതൊരു സാമൂഹ്യ പ്രശ്നമാണെന്ന തിരിച്ചറിവുണ്ടാകുന്നു.
- ഈ തിരിച്ചറിവുണ്ടായാൽ ഈ പ്രശ്നത്തെ വസ്തുനിഷ്ഠമായി വ്യത്യസ്ത തലങ്ങളിൽ നിന്ന് നോക്കിക്കാണുകയും പ്രശ്നത്തെ സമീപിക്കുന്ന രീതിയിൽ തന്നെ വ്യത്യാസം ഉണ്ടാവുകയും ചെയ്യും.

പഠിതാക്കളുടെ ചർച്ചാകുറിപ്പുകളും അധ്യാപകന്റെ ക്രോഡീകരണം ഉൾപ്പെടെ നോട്ട് ബുക്കിൽ രേഖപ്പെടുത്തിയ ആശയങ്ങളും പോർട്ട്ഫോളിയോ വിലയിരുത്തലിന്റെ ഭാഗമായി പരിഗണിക്കാവുന്നതാണ്.

ഈ പാഠഭാഗത്തിലെ മുഴുവൻ ആശയങ്ങളും പഠന പ്രവർത്തനങ്ങളായാണ് സ്വയം പഠനസാമഗ്രിയിൽ അവതരിപ്പിച്ചിരിക്കുന്നത്. സമയത്തിന്റെ ലഭ്യതയനുസരിച്ച് ഈ പഠന പ്രവർത്തനങ്ങൾ സമ്പർക്ക ക്ലാസ്സിൽ ചെയ്യിക്കാവുന്നതാണ്.

### 1.4 തുടർ പ്രവർത്തനങ്ങൾ

ഫീൽഡ് പരിശീലനത്തിന്റെ ഭാഗമായി ഒരു വ്യവസായശാല സന്ദർശിച്ച് താഴെ തന്നിരിക്കുന്ന കാര്യങ്ങൾ നിരീക്ഷിച്ച് ഒരു റിപ്പോർട്ട് തയാറാക്കാൻ ആവശ്യപ്പെടുക.

- ഉൽപാദന പ്രക്രിയ
- തൊഴിൽ ബന്ധങ്ങൾ
- തൊഴിൽ വിഭജനം
- തൊഴിൽ അപചയം
- ക്ലോക്ക് സമയത്തിന്റെ പ്രാധാന്യം

ഫീൽഡ് പരിശീലനം സംബന്ധിച്ച വിശദാംശങ്ങളും റിപ്പോർട്ട് ഫോർമാറ്റും വിലയിരുത്തൽ സമീപനത്തിന്റെ ഭാഗമായി നൽകിയിട്ടുണ്ട്.

# അധ്യായം- 2

# പദങ്ങളും, സങ്കല്പനങ്ങളും അവയുടെ ഉപയോഗവും സമൂഹ ശാസ്ത്രത്തിൽ

സമയം - 2½ മണിക്കൂർ

**2.1 ആമുഖം**

ഒരു സമൂഹത്തിൽ വ്യക്തിയുടെ സ്ഥാനം, പങ്ക് എന്നിവും സമൂഹം വ്യക്തിയിൽ ചെലുത്തുന്ന സ്വാധീനം നിയന്ത്രണം എന്നിവയും പഠിക്കുക എന്നതാണ് സമൂഹ ശാസ്ത്രത്തിന്റെ മുഖ്യധർമ്മം. ഒരു ശാസ്ത്ര വിഷയം എന്ന നിലയിൽ സമൂഹശാസ്ത്രം ഉപയോഗിക്കുന്ന പൊതുവായ ചില സങ്കല്പനങ്ങൾ ഈ പാഠഭാഗത്ത് ചർച്ച ചെയ്യപ്പെടുന്നു.

**2.2 യൂണിറ്റ് ഫ്രെയിം**

| പദങ്ങൾ/ ആശയങ്ങൾ | പ്രക്രിയയും പ്രവർത്തനങ്ങളും വിലയിരുത്തലും | പഠന നേട്ടങ്ങൾ |
|---|---|---|
| സമൂഹം | **പ്രവർത്തനം** : ഗ്രൂപ്പുകൾ തിരിഞ്ഞ് സമൂഹം എന്നത് നിർവചിക്കാൻ ശ്രമിക്കുന്നു.<br>ചർച്ചകളിലൂടെയും ഉദാഹരണങ്ങളിലൂടെയും സമൂഹം, സഞ്ചയം, അർധസംഘങ്ങൾ എന്നീ ആശയങ്ങളെ പരിചയപ്പെടുത്തി വിവിധതരം സാമൂഹ്യസംഘങ്ങളെ തിരിച്ചറിഞ്ഞ് തരംതിരിക്കുന്ന തലത്തിലേക്ക് പഠിതാവിനെ എത്തിക്കുവാൻ സഹായിക്കണം.<br>**വിലയിരുത്തൽ**<br>• പഠനപ്രവർത്തനത്തിലെ പങ്കാളിത്തം<br>• പഠിതാവ് തയാറാക്കിയ ചർച്ചാകുറിപ്പുകൾ | • സമൂഹവും സഞ്ചയവും തമ്മിൽ വേർതിരിച്ചറിയുന്നു.<br>• സാമൂഹ്യസംഘത്തെയും അതിന്റെ സവിശേഷതകളെയും വിവരിക്കുന്നു.<br>• പ്രാഥമികവും ദ്വിതീയവുമായ സാമൂഹിക സംഘങ്ങളെ വേർതിരിച്ചറിയുന്നു. |
| സമുദായവും സംഘടനയും | **പ്രവർത്തനം** : സംഘ ചർച്ച<br>ചെറുസംഘങ്ങളായി തിരിച്ചിരിക്കുന്ന ഗ്രൂപ്പുകൾ വിവിധ സംഘങ്ങൾക്കുള്ള ഉദാഹരണങ്ങൾ പട്ടികപ്പെടുത്തുന്നു. അവയിൽ നിന്നും സമുദായം, സംഘടന എന്നിവയ്ക്ക് രണ്ട് ഉദാഹരണങ്ങൾ വീതം രേഖപ്പെടുത്തുന്നു. അവയുടെ പ്രത്യേകതകൾ ചർച്ച ചെയ്യുന്നു. മറ്റ് ഉദാഹരണങ്ങളെ ശരിയായി തരംതിരിക്കുന്നു.<br>**വിലയിരുത്തൽ**<br>• ചർച്ചകളിലെ പങ്കാളിത്തം<br>• ആക്ടിവിറ്റിലോഗിലെ രേഖപ്പെടുത്തലുകൾ | സമുദായവും സംഘടനയും തമ്മിൽ വേർതിരിച്ചറിയുന്നു. |
| വിവിധതരം സംഘങ്ങൾ | **പ്രവർത്തനം** : ചർച്ചകളിലൂടെ സംഘങ്ങൾ വിവിധതരങ്ങളുണ്ടെന്നും അവയ്ക്കുള്ള ഉദാഹരണങ്ങളും കണ്ടെത്താൻ സഹായിക്കുന്നു. ഒരോതരം സംഘങ്ങൾക്കും പഠിതാവിന്റേതായ നിർവചനം നൽകാൻ പ്രോത്സാഹിപ്പിക്കണം. തുടർന്ന് അവരുടെ നിർവചനങ്ങളെ അംഗീകൃത നിർവചനങ്ങളുമായി താരതമ്യം ചെയ്യിക്കണം.<br>**വിലയിരുത്തൽ**<br>• ഉദാഹരണങ്ങൾ കണ്ടെത്തുന്നതിലും ചർച്ചയിലുമുള്ള പങ്കാളിത്തം.<br>• ആക്ടിവിറ്റിലോഗിലെ രേഖപ്പെടുത്തലുകൾ | സാമൂഹ്യ സംഘങ്ങളെ സ്വസംഘം, അന്യസംഘം, സൂചിത സംഘം, സമപ്രായക്കാരുടെ സംഘം എന്നിങ്ങനെ തിരിച്ച് താരതമ്യം ചെയ്യുന്നു. |

| പദങ്ങൾ/ ആശയങ്ങൾ | പ്രക്രിയയും പ്രവർത്തനങ്ങളും വിലയിരുത്തലും | പഠന നേട്ടങ്ങൾ |
|---|---|---|
| സാമൂഹ്യ ശ്രേണീകരണം | ഫ്രഞ്ച് സമൂഹത്തിൽ നിലനിന്ന എസ്റ്റേറ്റ് വ്യവസ്ഥയുടെ കാർട്ടൂൺ/ചിത്രം/വിവരണം ചർച്ചയിലൂടെ അവതരിപ്പിച്ചശേഷം സാമൂഹ്യ ശ്രേണീകരണം പരിചയപ്പെടുത്തുന്നു. മറ്റു സമൂഹങ്ങളിൽ നിലനിന്നിരുന്നതും ചിലയിടങ്ങളിൽ ഇപ്പോഴും നിലനിൽക്കുന്നതുമായ സാമൂഹ്യ ശ്രേണീകരണത്തിനുള്ള ഉദാഹരണങ്ങൾ പഠിതാക്കൾ കണ്ടെത്തി പട്ടികപ്പെടുത്തട്ടെ. അടിമത്തം, ജാതി, വർഗം എന്നിവയുടെ പ്രത്യേകതകളും അവർ എഴുതണം.<br>**വിലയിരുത്തൽ**<br>• പ്രവർത്തനത്തിലെ പങ്കാളിത്തം<br>• തയാറാക്കിയ പട്ടിക | സാമൂഹ്യ ശ്രേണീകരണം എന്താണെന്ന് തിരിച്ചറിഞ്ഞ് വ്യത്യസ്ത മാനദണ്ഡങ്ങളനുസരിച്ച് സമൂഹത്തെ ശ്രേണീകരിക്കുന്നു. |
| ജാതിയും വർഗവും | **പ്രവർത്തനം** : ജാതി വ്യവസ്ഥയുടെ മാറ്റങ്ങളെക്കുറിച്ചും ജാതിയും വർഗവും തമ്മിൽ താരതമ്യപ്പെടുത്തിയും ഉള്ള ചർച്ച/സെമിനാർ, ജാതി വ്യവസ്ഥയിലെ മാറ്റങ്ങൾ അവയുടെ കാരണങ്ങൾ, ജാതിയും വർഗവും തമ്മിലുള്ള വ്യത്യാസങ്ങൾ എന്നിവ കണ്ടെത്തി എഴുതണം.<br>**വിലയിരുത്തൽ**<br>• ചർച്ച/സെമിനാറിലെ പങ്കാളിത്തം<br>• ആക്ടിവിറ്റിലോഗിലെ രേഖപ്പെടുത്തലുകൾ | • ജാതിവ്യവസ്ഥയിലുണ്ടായ മാറ്റങ്ങൾ തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു.<br>• സാമൂഹ്യവർഗത്തെ തിരിച്ചറിയുന്നു. |
| പദവിയും പങ്കും | **പ്രവർത്തനം** : അധ്യാപകൻ, പോലീസ് ഓഫീസർ, തൊഴിലാളി, അമ്മ എന്നീ ഉദാഹരണങ്ങളെടുത്തുകൊണ്ടുള്ള ചർച്ച. പഠിതാവ് കൂടുതൽ ഉദാഹരണങ്ങൾ വിശകലനം ചെയ്ത് അവയുടെ പദവി, പങ്ക് എന്നിവയെക്കുറിച്ച് കുറിപ്പുകൾ തയാറാക്കി അവതരിപ്പിച്ചശേഷം അധ്യാപകൻ/അധ്യാപിക മറ്റു സവിശേഷതകൾ വിശദീകരിക്കണം.<br>**വിലയിരുത്തൽ**<br>• ചർച്ചയിലെ പങ്കാളിത്തം<br>• ചർച്ചാകുറിപ്പുകൾ | പദവിയും പങ്കും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുന്നു. |
| സാമൂഹ്യ നിയന്ത്രണം | **പ്രവർത്തനം** : സാമൂഹ്യനിയന്ത്രണം ആവശ്യമുള്ള ഒരു കേസ് വിശകലനം ചെയ്തുകൊണ്ടുള്ള ചർച്ച.<br>• ആവശ്യകത<br>• മാർഗങ്ങൾ<br>• ഏജൻസികൾ<br>എന്നിവയിൽ ഊന്നിയായിരിക്കണം ചർച്ച പുരോഗമിക്കേണ്ടത്.<br>**വിലയിരുത്തൽ**<br>• കേസ് വിശകലനത്തിലെയും ചർച്ചയിലെയും പങ്കാളിത്തം<br>• ചർച്ചാക്കുറിപ്പുകൾ | സാമൂഹ്യനിയന്ത്രണത്തിന്റെ മാർഗങ്ങളും ഏജൻസികളും ഏതൊക്കെയാണെന്ന് തിരിച്ചറിയുന്നു. |

**2.3 യൂണിറ്റിലേക്ക്**

പഠിതാക്കൾക്ക് ഈ പാഠഭാഗത്തിലേക്ക് കടക്കുന്നതിന് മുൻപ് തന്നെ സമൂഹത്തെക്കുറിച്ചും സമുദായത്തെക്കുറിച്ചും ചില സാമാന്യ ധാരണകൾ ഉണ്ടാകും. അവയിൽ ചിലത് അവർ അവതരിപ്പിക്കണം. ആ ധാരണകൾ എത്രമാത്രം സമൂഹശാസ്ത്ര നിർവചനങ്ങളുമായി ഒത്തുപോകുന്നു എന്ന പരിശോധനയാണ് തുടർന്ന് നടക്കേണ്ടത്. ഓരോ ആശയങ്ങളും ചർച്ച ചെയ്യുമ്പോൾ പഠിതാവിനുള്ള ചില മുൻധാരണകൾ (സാമാന്യബോധത്തിൽ ഉണ്ടായവ) പുനർനിർമ്മിക്കുവാൻ സഹായിക്കുകയും കൂടുതൽ വ്യക്തതയോടെ സമൂഹശാസ്ത്ര സങ്കല്പനങ്ങളായി അവതരിപ്പിക്കുകയും വേണം. ഗ്രൂപ്പ് ചർച്ചകൾ രൂപകല്പനചെയ്യുമ്പോഴും നടപ്പിലാകുമ്പോഴും മതിയായ സമയം തയാറെടുപ്പുകൾക്ക് നൽകണം. പഠനപ്രവർത്തനത്തിനൊപ്പം തന്നെ പ്രവർത്തനത്തിൽ പഠിതാക്കളുടെ പങ്കാളിത്തത്തെയും സംഭാവനകളെയും കുറിച്ചുള്ള നിരീക്ഷണങ്ങൾ കുറിക്കണം. അവർക്ക് പരസ്പരവും സ്വയവും വിലയിരുത്താനുള്ള അവസരങ്ങൾ നൽകണം. പഠന തെളിവുകളായ ചർച്ചാകുറിപ്പുകൾ, ചാർട്ടുകൾ മുതലായവ പോർട്ട്ഫോളിയോ വിലയിരുത്തലിന്റെ ഭാഗമായി പരിഗണിക്കണം.

**2.4 തുടർപ്രവർത്തനം**

- നിങ്ങളുടെ ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടിവരുന്ന ഔപചാരികരവും അനൗപചാരികവുമായ സാമൂഹ്യനിയന്ത്രണങ്ങളെക്കുറിച്ചും അവ നടപ്പിലാക്കുന്ന വിവിധ ഏജൻസികളെക്കുറിച്ചും കുറിപ്പു തയാറാക്കുക.
- സമകാലീന കേരളീയ സമൂഹത്തിൽ ജാതിവ്യവസ്ഥയുടെ സവിശേഷതകളാണോ വർഗ വ്യവസ്ഥയുടെ സവിശേഷതകളാണോ പ്രബലം എന്ന് ഉദാഹരണസഹിതം ഉപന്യസിക്കുക.

# അധ്യായം- 3

# സാമൂഹ്യ സ്ഥാപനങ്ങളെ മനസ്സിലാക്കൽ

സമ്പർക്ക ക്ലാസ്സിലെ സമയം : 2 ½ മണിക്കൂർ

### 3.1 ആമുഖം

സാമൂഹ്യ സ്ഥാപനങ്ങൾ ഒരു സമൂഹത്തിന്റെ അടിസ്ഥാന ഘടകങ്ങളാണ്. നിയമങ്ങൾക്കും പാരമ്പര്യങ്ങൾക്കും ആചാരാനുഷ്ഠാനങ്ങൾക്കും അനുസൃതമായി പ്രവർത്തിക്കുന്നവയാണ് സാമൂഹ്യ സ്ഥാപനങ്ങൾ. അതുകൊണ്ട് തന്നെ അവ മനുഷ്യനെ നിയന്ത്രിക്കുകയും ശിക്ഷിക്കുകയും പാരിതോഷികങ്ങൾ നൽകുകയും ചെയ്യുന്നു. അത്തരത്തിലുള്ള ഏതാനും സാമൂഹ്യ സ്ഥാപനങ്ങളെ ഈ അധ്യായം പരിചയപ്പെടുത്തുന്നു. പ്രധാനമായും, കുടുംബം, വിവാഹം, ബന്ധുത്വം, സാമ്പത്തിക സ്ഥാപനങ്ങൾ, രാഷ്ട്രീയ സ്ഥാപനങ്ങൾ, മതസ്ഥാപനങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയാണ് ഈ യൂണിറ്റിൽ ചർച്ച ചെയ്യപ്പെടുന്നത്.

### 3.2 യൂണിറ്റ് ഫ്രെയിം

| പദങ്ങൾ/ ആശയങ്ങൾ | പ്രക്രിയയും പ്രവർത്തനങ്ങളും വിലയിരുത്തലും | പഠന നേട്ടങ്ങൾ |
|---|---|---|
| കുടുംബം, വിവാഹം, ബന്ധുത്വം | **പ്രവർത്തനം:**<br>താഴെ തന്നിരിക്കുന്ന ചോദ്യങ്ങളുടെ അടിസ്ഥാനത്തിൽ ചർച്ച നടത്തുന്നു.<br>1. സമൂഹത്തിലെ പ്രധാനപ്പെട്ട മനുഷ്യ കൂട്ടായ്മകൾ ഏതൊക്കെ?<br>2. എന്തുകൊണ്ടാണ് ഇത്തരം കൂട്ടായ്മകൾ തലമുറകളായി നിലനിൽക്കുന്നത്?<br>3. സമൂഹത്തിൽ ഇത്തരം കൂട്ടായ്മകൾ അനിവാര്യമാകുന്നത് എന്തുകൊണ്ട്?<br>**വിലയിരുത്തൽ**<br>പ്രക്രിയ : ചർച്ചയിലെ പങ്കാളിത്തം, ആശയ വ്യക്തത<br>പോർട്ട്ഫോളിയോ: ചർച്ചാ റിപ്പോർട്ട് | • കുടുംബം, വിവാഹം ബന്ധുത്വം തുടങ്ങിയ അടിസ്ഥാന സ്ഥാപനങ്ങളെ തിരിച്ചറിയുന്നു.<br>• കുടുംബത്തിന്റെ രൂപത്തിലുള്ള വ്യത്യാസങ്ങളെ തിരിച്ചറിയുന്നു.<br>• വിവാഹത്തിന്റെ രൂപങ്ങളെ തരംതിരിക്കുന്നു.<br>• വിവാഹ നിയമങ്ങൾ തിരിച്ചറിയുന്നു.<br>• ബന്ധുത്വത്തെ നിർവചിച്ച് വിവിധ രൂപങ്ങൾ തരംതിരിക്കുന്നു. |
| തൊഴിൽ, സാമ്പത്തിക ജീവിതം, തൊഴിൽ വിഭജനം | **പ്രവർത്തനം:**<br>ഒരു ഫാക്ടറിയിലെ പ്രവർത്തനങ്ങളുടെയും, ഒരു വീട്ടിൽ നടക്കുന്ന പ്രവർത്തനങ്ങളുടെയും ചിത്രങ്ങൾ പ്രദർശിപ്പിച്ചുകൊണ്ട് ഇവ തമ്മിലുള്ള വ്യത്യാസങ്ങളും ഇവയുടെ പ്രത്യേകതകളും തരംതിരിച്ചെഴുതാൻ ആവശ്യപ്പെടുന്നു.<br>**വിലയിരുത്തൽ**<br>പ്രക്രിയ : തരംതിരിക്കൽ പ്രക്രിയയിലെ പങ്കാളിത്തം<br>പോർട്ട്ഫോളിയോ: ചർച്ചാ കുറിപ്പ് | തൊഴിൽ, സാമ്പത്തിക ജീവിതം, തൊഴിൽ വിഭജനം എന്നിവ താരതമ്യം ചെയ്യുന്നു. |

| പദങ്ങൾ/ ആശയങ്ങൾ | പ്രക്രിയയും പ്രവർത്തനങ്ങളും വിലയിരുത്തലും | പഠന നേട്ടങ്ങൾ |
|---|---|---|
| രാഷ്ട്രം, രാഷ്ട്രരഹിത സമൂഹം | **പ്രവർത്തനം:**<br>ഭാരതത്തിന്റെ ഭരണഘടനയുടെ ആമുഖം പരിശോധിച്ചുകൊണ്ട് ചർച്ചക്കായി താഴെ പറയുന്ന ചോദ്യങ്ങൾ ഉന്നയിക്കുന്നു.<br>1. ഭരണഘടന എന്നാൽ എന്ത്?<br>2. ഭരണഘടന ഇല്ലാത്ത രാജ്യങ്ങൾ നിലവിലുണ്ടോ?<br>3. ഭരണഘടനയുടെ ആവശ്യകത?<br>**വിലയിരുത്തൽ**<br>പ്രക്രിയ : ചർച്ചയിലെ പങ്കാളിത്തം<br>പോർട്ട്ഫോളിയോ : ചർച്ചാ കുറിപ്പ്, പൂർണത, വ്യക്തത | രാഷ്ട്രീയ സ്ഥാപനങ്ങളെ തിരിച്ചറിഞ്ഞ്, രാഷ്ട്രം, രാഷ്ട്രരഹിത സമൂഹം എന്നിവ നിർവചിക്കുന്നു. |
| മതം, മതത്തിന്റെ സ്വാധീനം | **പ്രവർത്തനം:**<br>ചില ദൃശ്യങ്ങളുടെയും സിനിമകളുടെയും അടിസ്ഥാനത്തിൽ ചർച്ച സംഘടിപ്പിക്കുന്നു.<br>**വിലയിരുത്തൽ**<br>പ്രക്രിയ : ചർച്ചയിലെ പങ്കാളിത്തം, പുതിയ ആശയങ്ങൾ<br>പോർട്ട്ഫോളിയോ: ചർച്ചാ കുറിപ്പ് | മത സ്ഥാപനങ്ങളെ തിരിച്ചറിഞ്ഞ്, മറ്റ് സാമൂഹ്യ സ്ഥാപനങ്ങളുടെമേൽ മതത്തിന്റെ സ്വാധീനം കണ്ടെത്തുന്നു. |
| വിദ്യാഭ്യാസം | **പ്രവർത്തനം:**<br>പഠിതാക്കൾ കടന്നുവന്ന വിദ്യാഭ്യാസ രീതികൾ ഏതൊക്കെയെന്ന് അവർ കണ്ടെത്തി അവതരിപ്പിക്കുന്നു.<br>**വിലയിരുത്തൽ**<br>പ്രക്രിയ : ചർച്ചയിലെ പങ്കാളിത്തം, അവതരണം.<br>പോർട്ട്ഫോളിയോ: ചർച്ചാ കുറിപ്പ് | വിദ്യാഭ്യാസ സ്ഥാപനങ്ങളെ തിരിച്ചറിഞ്ഞ് മറ്റ് സാമൂഹ്യ സ്ഥാപനങ്ങളുമായി താരതമ്യം ചെയ്യുന്നു. |

**3.3 പാഠത്തിലേക്ക്**

പഠിതാക്കളെ ഗ്രൂപ്പുകളാക്കി തിരിച്ച് താഴെ പറയുന്ന പാഠഭാഗങ്ങൾ പരിശോധിച്ച് പ്രധാനപ്പെട്ട ആശയങ്ങൾ അവതരിപ്പിക്കാൻ ആവശ്യപ്പെടുന്നു.

ഗ്രൂപ്പ് 1. കുടുംബം, വിവാഹം, ബന്ധുത്വം
ഗ്രൂപ്പ് 2. സാമ്പത്തിക സ്ഥാപനം
ഗ്രൂപ്പ് 3. രാഷ്ട്രീയ സ്ഥാപനം
ഗ്രൂപ്പ് 4. മതം
ഗ്രൂപ്പ് 5. വിദ്യാഭ്യാസം

ചർച്ചയിൽ രൂപീകരിക്കപ്പെടുന്ന ആശയങ്ങൾ ഗ്രൂപ്പ് ലീഡർ അവതരിപ്പിക്കുന്നു. ഒപ്പം പ്രധാനപ്പെട്ട ആശയങ്ങൾ ഓരോ പഠിതാവും കുറിച്ചെടുക്കുന്നു. ചർച്ചയിൽ പഠിതാക്കളുടെ പരമാവധി പങ്കാളിത്തം ഉറപ്പുവരുത്തണം. ചർച്ചയുടെ അവസാനം അധ്യാപിക/അധ്യാപകൻ വിശദീകരണം ആവശ്യമുള്ള ആശയങ്ങൾ ഉൾപ്പെടുത്തി ക്രോഡീകരിക്കുകയും താഴെ പറയുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ പഠിതാക്കൾ സ്വയം വിലയിരുത്തുകയും ചെയ്യുന്നു.

- ചർച്ചയിലെ പങ്കാളിത്തം
- ആശയ വിനിമയം
- അവസരോചിതമായ ഇടപെടൽ

- നൂതന ആശയങ്ങളെ ഉൾക്കൊള്ളൽ

ചർച്ചാ റിപ്പോർട്ട് പഠിതാക്കൾ പരസ്പരം കൈമാറിക്കൊണ്ട് താഴെ പറയുന്ന ചെക്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നു.

**വിലയിരുത്തൽ ചെക്ക്‌ലിസ്റ്റ്**

| | | |
|---|---|---|
| 1. ചർച്ചയിൽ ഉയർന്നുവന്ന ആശയങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തി. | അതെ | അല്ല |
| 2. അധ്യാപിക/അധ്യാപകൻ ക്രോഡീകരിച്ച ആശയങ്ങളും പൂർണമായും രേഖപ്പെടുത്തി. | അതെ | അല്ല |
| 3. വ്യക്തമായും ആർക്കും മനസ്സിലാക്കാൻ പാകത്തിലുമാണ് ആശയങ്ങൾ രേഖപ്പെടുത്തിയത്. | അതെ | അല്ല |

വിലയിരുത്തലിലെ പ്രധാന കണ്ടെത്തലുകൾ സി.ഇ ക്രോഡീകരണത്തിനായി അധ്യാപിക/അധ്യാപകൻ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

**3.4 തുടർ പ്രവർത്തനം**

ഒരു വൃദ്ധസദനം സന്ദർശിച്ച് അവിടെയുള്ളവരുമായി സംവദിച്ച് വിവാഹം, കുടുംബം, ബന്ധുത്വം തുടങ്ങിയ സാമൂഹ്യ സ്ഥാപനങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങളെക്കുറിച്ച് ഒരു റിപ്പോർട്ട് തയാറാക്കുക.

# അധ്യായം- 4

# സംസ്കാരവും സാമൂഹീകരണവും

സമയം : 2 ½ മണിക്കൂർ

**4.1 ആമുഖം**

സമൂഹശാസ്ത്രത്തിലെ ഒരു പ്രധാന സങ്കല്പനമാണ് സംസ്കാരം. സമൂഹത്തെ പോലെ സംസ്കാരവും പലപ്പോഴും അവ്യക്തമായി ഉപയോഗിക്കുന്ന ഒരു പദമാണ്. സംസ്കാരത്തെ കൃത്യമായി നിർവചിക്കാനും വിശകലനം ചെയ്യാനും അതിന്റെ വിവിധ പശ്ചാത്തലങ്ങൾ, മാനങ്ങൾ, വംശീയ കേന്ദ്രോന്മുഖത, സാർവജനീനത, സമൂഹീകരണം എന്നീ ആശയങ്ങളാണ് ഇവിടെ പ്രധാനമായും ചർച്ച ചെയ്യപ്പെടുന്നത്.

**4.2 യൂണിറ്റ് ഫ്രെയിം**

| പദങ്ങൾ/ ആശയങ്ങൾ | പ്രക്രിയയും പ്രവർത്തനങ്ങളും വിലയിരുത്തലും | പഠന നേട്ടങ്ങൾ |
|---|---|---|
| സംസ്കാരം എന്ന സങ്കല്പനം | **പ്രവർത്തനം:**<br>ചിത്രങ്ങളെ ആസ്പദമാക്കിയുള്ള ചർച്ച - വിവിധ തരത്തിലുള്ള അഭിവാദ്യങ്ങൾ, തീൻമേശ പെരുമാറ്റങ്ങൾ വസ്ത്രധാരണ രീതി, മതാചാരങ്ങൾ തുടങ്ങിയവ വ്യക്തമാക്കുന്ന ചിത്രങ്ങൾ ഉപയോഗപ്പെടുത്താം.<br>**വിലയിരുത്തൽ**<br>പ്രക്രിയ : ചർച്ചയിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ, പട്ടികപ്പെടുത്തലും ചർച്ചയിലെ പങ്കാളിത്തവും.<br>പോർട്ട്ഫോളിയോ:<br>ചർച്ചാ റിപ്പോർട്ടുകൾ, ചർച്ചാ കുറിപ്പുകൾ | • സംസ്കാരം എന്ന പദം നിർവചിക്കുന്നു.<br>• വിവിധ തരത്തിലുള്ള സംസ്കാരങ്ങൾ തിരിച്ചറിയുന്നു. |
| സംസ്കാരത്തിന്റെ ഭിന്ന പശ്ചാത്തലങ്ങൾ<br>- പ്രദേശം<br>- ശാസ്ത്രസാങ്കേതിക വിദ്യ<br>- പ്രകൃതി<br>- ഗ്രാമം<br>- നഗരം | **പ്രവർത്തനം:**<br>പഠിതാക്കളോട് ഒരു പ്രത്യേക സാഹചര്യം വിശദീകരിക്കുവാൻ ആവശ്യപ്പെടുന്നു. ഉദാഹരണത്തിന് 'ഒരു വ്യക്തി സസ്യേതര ഭക്ഷണം സസ്യാഹാരശീലമുള്ള കുടുംബത്തിൽ നിന്നും ആവശ്യപ്പെടുന്നു.'<br>ഈ സാഹചര്യങ്ങളെ ആസ്പദമാക്കി കൊണ്ട് സാംസ്കാരിക തലങ്ങൾ ചർച്ച ചെയ്യുന്നു.<br>**വിലയിരുത്തൽ**<br>പ്രക്രിയ : പഠിതാക്കളുടെ പ്രതികരണങ്ങൾ, ത്തിൽ, അതുമായി ബന്ധപ്പെട്ട അവതരണം<br>പോർട്ട്ഫോളിയോ:<br>ചർച്ചാ കുറിപ്പുകൾ, റിപ്പോർട്ട് | • സംസ്കാരത്തിന്റെ ഭിന്ന പശ്ചാത്തലങ്ങൾ വേർതിരിച്ചറിയുന്നു. |
| സംസ്കാരത്തിന്റെ മാനങ്ങൾ<br>- ജ്ഞാനാത്മകം<br>- നൈതികം<br>- ഭൗതികം | **പ്രവർത്തനം:**<br>ചിത്രങ്ങളുടെ സഹായത്തോടെയുള്ള ചർച്ച.<br>ഉദാ : രാഷ്ട്രീയ നേതാവിന്റെ കാർട്ടൂ ൺ, മരണാനന്തര ചടങ്ങുകൾ, മതപരമായ ചടങ്ങുകൾ. | • സംസ്കാരത്തിന്റെ മാനങ്ങൾ വർഗീകരിക്കുവാൻ സാധിക്കുന്നു. |

| പദങ്ങൾ/ ആശയങ്ങൾ | പ്രക്രിയയും പ്രവർത്തനങ്ങളും വിലയിരുത്തലും | പഠന നേട്ടങ്ങൾ |
|---|---|---|
| | **വിലയിരുത്തൽ**<br>പ്രക്രിയ : ചർച്ചയിൽ ഉരുത്തിരിഞ്ഞ ആശയങ്ങളുടെ അവതരണം<br>പോർട്ട്ഫോളിയോ:<br>ചർച്ചാറിപ്പോർട്ട്, കുറിപ്പുകൾ | |
| • സാംസ്കാരിക മാറ്റം | **പ്രവർത്തനം:**<br>സാംസ്കാരിക മാറ്റങ്ങളെ സംബന്ധിച്ചുള്ള ചോദ്യങ്ങളുടെ അടിസ്ഥാനത്തിലുള്ള ചർച്ച.<br>**വിലയിരുത്തൽ**<br>പ്രക്രിയ : സാംസ്കാരിക മാറ്റങ്ങളുമായി ബന്ധപ്പെട്ട പഠിതാക്കളുടെ വിശദീകരണം.<br>പോർട്ട്ഫോളിയോ:<br>ചർച്ചാ കുറിപ്പുകൾ, റിപ്പോർട്ട് | • സംസ്കാരിക മാറ്റം കണ്ടെത്താനും വിശദീകരിക്കാനും സാധിക്കുന്നു. |
| • സാമൂഹീകരണത്തിന്റെ ഏജൻസികൾ<br>- കുടുംബം<br>- സമസംഘങ്ങൾ<br>- വിദ്യാലയങ്ങൾ<br>- ബഹുജന മാധ്യമം | **പ്രവർത്തനം:**<br>ജംഗിൾ ബുക്ക് എന്ന കഥയുമായി ബന്ധപ്പെട്ട ചർച്ച.<br>**വിലയിരുത്തൽ**<br>പ്രക്രിയ : പഠിതാക്കളുടെ പ്രതികരണം വിലയിരുത്തുന്നു.<br>പോർട്ട്ഫോളിയോ:<br>ചർച്ചാ കുറിപ്പുകൾ, റിപ്പോർട്ട് | • സാമൂഹീകരണത്തിന്റെ ഏജൻസികൾ ഏതൊക്കെയാണെന്ന് കണ്ടെത്തുവാനും വിലയിരുത്തുവാനും സാധിക്കുന്നു. |
| • സംസ്കാരവും തന്മയും (Culture and Identity) | **പ്രവർത്തനം:**<br>സംസ്കാരവും തന്മയുമായി ബന്ധപ്പെട്ട ചോദ്യങ്ങളെ ആസ്പദമാക്കിയുള്ള ചർച്ച.<br>• പെൺകുട്ടികൾ ആൺകുട്ടികളെക്കാൾ തലമുടി നീട്ടി വളർത്തുന്നു എന്തുകൊണ്ട്?<br>**വിലയിരുത്തൽ**<br>പ്രക്രിയ : പഠിതാക്കളുടെ അവതരണം.<br>പോർട്ട്ഫോളിയോ:<br>റിപ്പോർട്ട്, കുറിപ്പുകൾ | • വ്യക്തിത്വ രൂപീകരണത്തിൽ സംസ്കാരത്തിന്റെയും ഉപസംസ്കാരത്തിന്റെയും പങ്ക് തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു. |
| • വംശീയ കേന്ദ്രോന്മുഖത<br>• സാർവജനീനത | **പ്രവർത്തനം:**<br>പ്രസ്താവനകളെയും ചോദ്യങ്ങളെയും ആസ്പദമാക്കിയുള്ള ചർച്ച.<br>'സ്വന്തം സംസ്കാരം മറ്റുള്ളവരേക്കാൾ മഹത്തരം'<br>**വിലയിരുത്തൽ**<br>പ്രക്രിയ : പഠിതാക്കളുമായി ചോദ്യങ്ങളുടെ അടിസ്ഥാനത്തിൽ വിശദീകരണം ആരായുന്നു.<br>പോർട്ട്ഫോളിയോ:<br>ചർച്ചാ കുറിപ്പുകൾ | • വംശീയ കേന്ദ്രോന്മുഖത, സാർവ ജനീയത എന്നിവ തിരിച്ചറിയുവാനും അവ വിശദീകരിക്കാനും സാധിക്കുന്നു. |

| പദങ്ങൾ/ ആശയങ്ങൾ | പ്രക്രിയയും പ്രവർത്തനങ്ങളും വിലയിരുത്തലും | പഠന നേട്ടങ്ങൾ |
|---|---|---|
| • സാമൂഹീകരണവും വ്യക്തി സ്വാതന്ത്ര്യവും | **പ്രവർത്തനം:**<br>സാമൂഹീകരണം വ്യക്തിസ്വാതന്ത്ര്യം എന്ന വിഷയത്തെ ആസ്പദമാക്കിക്കൊണ്ട് പഠിതാക്കളുടെ ഒരു സംവാദം സംഘടിപ്പിക്കുന്നു.<br>**വിലയിരുത്തൽ**<br>പ്രക്രിയ : സംവാദത്തിൽ പഠിതാക്കളുടെ ഇടപെടൽ, വിഷയാവതരണം.<br>പോർട്ട്ഫോളിയോ:<br>സംവാദ റിപ്പോർട്ട് | • സാമൂഹികരണവും വ്യക്തി സ്വാതന്ത്ര്യവും പരസ്പര പൂരകങ്ങളാണെന്ന് വിലയിരുത്തുവാനും വിശദീകരിക്കുവാനും സാധിക്കുന്നു. |

**4.3 പാഠത്തിലേക്ക്**

**സംസ്കാരം**

പാഠഭാഗം പഠിതാക്കൾ മൗനമായി വായിക്കുവാൻ അനുവദിക്കുക. തുടർന്ന് വ്യത്യസ്ത ആശയങ്ങൾ ഉദാഹരണമായി, അഭിവാദ്യങ്ങൾ, തീൻമേശ പെരുമാറ്റങ്ങൾ, വസ്ത്രധാരണ രീതി, മതാചാരങ്ങൾ എന്നിവ വിശദമാക്കുന്ന ചിത്രങ്ങൾ പഠിതാക്കൾക്ക് കാണിച്ചുകൊടുത്തുകൊണ്ട് ഗ്രൂപ്പുകളിൽ ചർച്ച ചെയ്യുവാൻ അനുവദിക്കുന്നു. ചർച്ചയിലൂടെ രൂപപ്പെടുന്ന ആശയങ്ങൾ അവസാനം ഓരോ ഗ്രൂപ്പുകളിലും വിശദമായി വിശകലനം ചെയ്ത് അവതരിപ്പിക്കേണ്ടതാണ്. ഗ്രൂപ്പ് ചർച്ചാവേളയിൽ അംഗങ്ങളുടെ പങ്കാളിത്തം നിരീക്ഷണ വിധേയമാക്കുകയും പ്രക്രിയ വിലയിരുത്തലിന്റെ ഭാഗമായി അധ്യാപകൻ/അധ്യാപിക രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

ഗ്രൂപ്പ് ചർച്ചയുടെ അവസാനം രൂപപ്പെട്ട ആശയങ്ങൾ ഒരു പൊതു ചർച്ചയുടെ സഹായത്തോടെ കൂടുതൽ വ്യക്തത കൈവരിക്കേണ്ടതുണ്ട്.

പഠന പ്രക്രിയയിലൂടെ പഠിതാക്കൾ താഴെ പറയുന്ന ആശയങ്ങളിൽ എത്തി ചേർന്നു എന്ന് ഉറപ്പ് വരുത്തുക.

- സംസ്കാരങ്ങൾ പൂർണത പ്രാപിച്ചവയല്ല. അവ എല്ലായ്പ്പോഴും മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു.
- ചില ഘടകങ്ങൾ സംസ്കാരത്തോട് കൂട്ടിചേർക്കപ്പെടുകയും ഒഴിവാക്കപ്പെടുകയും ചെയ്യുന്നു.
- നാം ആർജിക്കുന്ന ഒരു പൊതുവായ ജീവിത രീതിയാണ് സംസ്കാരം.

പഠിതാക്കളുടെ ചർച്ചാകുറിപ്പുകളും അധ്യാപകൻ/അധ്യാപികയുടെ ക്രോഡീകരണവും ഉൾപ്പെടെ നോട്ടുബുക്കിൽ രേഖപ്പെടുത്തിയ ആശയങ്ങൾ പോർട്ട്ഫോളിയോ വിലയിരുത്തലിന്റെ ഭാഗമായി പരിഗണിക്കേണ്ടതാണ്.

പാഠഭാഗത്തിലെ മുഴുവൻ ആശയങ്ങളും പഠന പ്രവർത്തനങ്ങളിലൂടെയും സ്വയംപഠന സാമഗ്രികളുടെ സഹായത്തോടെയും സമ്പർക്ക ക്ലാസ്സുകളിൽ കൂടുതൽ വ്യക്തമാക്കുവാൻ ശ്രമിക്കേണ്ടതാണ്.

**തുടർ പ്രവർത്തനങ്ങൾ**

1. നിങ്ങളുടെ ഗ്രാമം/പ്രദേശത്തിന്റെ സാംസ്കാരിക പൈതൃകത്തെ സംബന്ധിച്ച ഒരു റിപ്പോർട്ട്/ജേർണൽ തയാറാക്കുക.

# അധ്യായം- 5

# സമൂഹശാസ്ത്രപഠന ഗവേഷണരീതികൾ

സമയം : 2 ½ മണിക്കൂർ

**5.1 ആമുഖം**

സമൂഹശാസ്ത്രം ഒരു ശാസ്ത്രമാണ്. നമുക്ക് പരിചിതമായ മേഖലകളിലൂടെയാണ് അത് സഞ്ചരിക്കുന്നത് എങ്കിലും, പരിചിതമായ അറിവിലേക്ക് നമ്മെ കൊണ്ടെത്തിച്ച സാമാന്യബോധത്തെ പൂർണ്ണമായും അവഗണിച്ചുകൊണ്ടാണ് സാമൂഹ്യ പ്രതിഭാസങ്ങളെ ഈ ശാസ്ത്രം വിശകലനം ചെയ്യുന്നത്. സാമാന്യബോധം പലപ്പോഴും ശരിയായിക്കൊള്ളണമെന്നില്ല. സാമൂഹ്യപ്രതിഭാസങ്ങളുടെ വിലയിരുത്തൽ നടത്തേണ്ടത് കേവലം ഊഹത്തിന്റെയോ, സാമാന്യബോധത്തിന്റെയോ അടിസ്ഥാനത്തിലാവരുത് മറിച്ച് ചിട്ടയായ മാർഗങ്ങളിലൂടെയാവണം. അവിടെയാണ് ഗവേഷണ രീതികളുടെ പ്രസക്തി. ഈ യൂണിറ്റ് പ്രധാനപ്പെട്ട ഗവേഷണ മാർഗങ്ങളായ പങ്കാളിത്ത നിരീക്ഷം, സർവ്വേ, അഭിമുഖം തുടങ്ങിയവയെ പരിചയപ്പെടുത്തുന്നു.

**5.2 യൂണിറ്റ് ഫ്രെയിം**

| പദങ്ങൾ/ ആശയങ്ങൾ | പ്രക്രിയയും പ്രവർത്തനങ്ങളും വിലയിരുത്തലും | പഠന നേട്ടങ്ങൾ |
|---|---|---|
| • സമൂഹശാസ്ത്ര ഗവേഷണം.<br>• ഗവേഷണത്തിലെ രീതി ശാസ്ത്ര പ്രശ്നങ്ങൾ<br>• പരിമാണാത്മകരീതികൾ, ഗുണാത്മക രീതികൾ | **പ്രവർത്തനം:**<br>താഴെ തന്നിരിക്കുന്ന ഏതെങ്കിലുമൊരു വിഷയത്തെക്കുറിച്ച് പഠിതാക്കളുടെ അഭിപ്രായം ബോർഡിൽ രേഖപ്പെടുത്തിക്കൊണ്ട് ഇത്തരം അറിവുകളുടെ അടിസ്ഥാനമെന്ത് എന്ന ചോദ്യത്തിന്റെ അടിസ്ഥാനത്തിലുള്ള ചർച്ച.<br>വിഷയം : ദാരിദ്ര്യം, തൊഴിലില്ലായ്മ, കുറ്റകൃത്യങ്ങൾ.<br>ഇത്തരം വിഷയങ്ങളെ ശാസ്ത്രീയമായി എപ്രകാരം പഠന വിധേയമാക്കാം എന്നതു സംബന്ധിച്ച തുടർ ചർച്ച.<br>**വിലയിരുത്തൽ**<br>പ്രക്രിയ :<br>- ചർച്ചയിലെ പങ്കാളിത്തം<br>- സ്വതന്ത്രമായ അഭിപ്രായ പ്രകടനം<br>- അവസരോചിതമായ ഇടപെടൽ<br>പോർട്ട്ഫോളിയോ: ചർച്ചാ റിപ്പോർട്ട് | • ഗവേഷണം എന്താണെന്നും അതിന്റെ പ്രാധാന്യവും വിശദീകരിക്കുന്നു.<br>• ഗവേഷണത്തിലെ രീതിശാസ്ത്ര പ്രശ്നങ്ങളെ തിരിച്ചറിയുന്നു.<br>• സമൂഹശാസ്ത്ര പഠനത്തിൽ പരിമാണാത്മക രീതികൾ ഗുണാത്മക രീതികൾ എന്നിവ വേർതിരിച്ചറിയുന്നു. |
| • പങ്കാളിത്ത നിരീക്ഷണം<br>- നരവംശ ശാസ്ത്രത്തിലും സമൂഹശാസ്ത്രത്തിലും | **പ്രവർത്തനം:**<br>പഠിതാക്കളെ 5 ഗ്രൂപ്പുകളായി തിരിച്ചുകൊണ്ട് ബ്രോണിസ്ലോ മലിനോവ്സ്കിയുടെ ഫീൽഡ് വർക്കിനെ സംബന്ധിക്കുന്ന ഹാൻഡൗട്ടിന്റെ അവലോകനം<br>**വിലയിരുത്തൽ**<br>പ്രക്രിയ : - അവലോകന മികവ്<br>- ആശയ വ്യക്തത<br>- അവതരണ പാടവം.<br>പോർട്ട്ഫോളിയോ: അവലോകന റിപ്പോർട്ട് | • സാമൂഹികശാസ്ത്രത്തിൽ പങ്കാളിത്ത നിരീക്ഷണ രീതിയുടെ പ്രായോഗിക സാധ്യതകളും പരിമിതികളും വിലയിരുത്തി വിശദീകരിക്കുന്നു. |

| പദങ്ങൾ/ ആശയങ്ങൾ | പ്രക്രിയയും പ്രവർത്തനങ്ങളും വിലയിരുത്തലും | പഠന നേട്ടങ്ങൾ |
|---|---|---|
| • സർവെ<br>- സാമ്പിൾസർവെ<br>പോപ്പുലേഷൻ<br>സെൻസസ് | **പ്രവർത്തനം:**<br>ഒരു പഞ്ചായത്ത് ഓഫീസിലെ പ്രവർത്തനങ്ങൾ അറിയാൻ വേണ്ട മാർഗങ്ങൾ കണ്ടെത്തി വിവരശേഖരണത്തിനുള്ള ടൂളുകൾ തയാറാക്കാൻ ആവശ്യപ്പെടുന്നു.<br>**വിലയിരുത്തൽ**<br>പ്രക്രിയ :<br>- പങ്കാളിത്തം<br>- ആശയവ്യക്തത<br>പോർട്ട്ഫോളിയോ:<br>തയാറാക്കിയ വിവരശേഖരണ മാർഗങ്ങൾ | • സാമൂഹ്യസർവെയുടെ സാധ്യതകൾ മനസ്സിലാക്കുകയും മാതൃക തയാറാക്കുകയും ചെയ്യുന്നു.<br>• സാമൂഹ്യ സർവെയിൽ സാമ്പിൾ തെരഞ്ഞെടുക്കുന്നതിനുള്ള രീതികൾ വിശദീകരിക്കുന്നു. |
| • അഭിമുഖം | **പ്രവർത്തനം:**<br>പഠിതാക്കൾ കണ്ടിട്ടുള്ള ഏതെങ്കിലും ഒരു അഭിമുഖം ക്ലാസിൽ വിവരിക്കാൻ ആവശ്യപ്പെടുന്നു. രണ്ടോ, മൂന്നോ പഠിതാക്കൾ വിവരിച്ചു കഴിഞ്ഞാൽ മറ്റ് പഠിതാക്കൾ അതിന്മേൽ അഭിപ്രായം പറയുന്നു.<br>**വിലയിരുത്തൽ**<br>പ്രക്രിയ :<br>- ചിട്ടയായ അവതരണം<br>- വിലയിരുത്തൽ<br>- കൂട്ടിച്ചേർക്കലുകൾ<br>പോർട്ട്ഫോളിയോ: റിപ്പോർട്ട് | • അഭിമുഖത്തെ ഒരു സാമൂഹിക പഠന രീതിയായി ഉപയോഗിക്കാമെന്ന് തിരിച്ചറിയുന്നു. |

**5.3 പാഠത്തിലേക്ക്**

പഠിതാക്കളെ 4 ഗ്രൂപ്പുകളായി തിരിച്ച് താഴെ തന്നിരിക്കുന്ന വിഷയങ്ങൾ വായിച്ച് വിലയിരുത്താൻ ആവശ്യപ്പെടുന്നു.

1. ഗവേഷണത്തിലെ രീതി ശാസ്ത്രപ്രശ്നങ്ങൾ
2. പങ്കാളിത്ത നിരീക്ഷണം
3. സർവെ
4. അഭിമുഖം

ഓരോ ഗ്രൂപ്പിനും യൂണിറ്റ് ഫ്രെയിമിൽ നൽകിയിരിക്കുന്ന പ്രവർത്തനങ്ങൾ ഉപയോഗപ്പെടുത്താം. ചർച്ചയുടെ ഓരോ ഘട്ടത്തിലും അധ്യാപികയ്ക്ക്/അധ്യാപകന് ആവശ്യമായ നിർദേശങ്ങൾ നൽകേണ്ടതാണ്. ചർച്ചയിൽ ഉയർന്നു വരുന്ന ആശയങ്ങളും അധ്യാപികയ്ക്ക്/അധ്യാപകന് നൽകിയ നിർദേശങ്ങളും ഓരോ പഠിതാവും രേഖപ്പെടുത്തുന്നതായി ഉറപ്പുവരുത്തണം.

ചർച്ചയുടെ അവസാനം ഗ്രൂപ്പ് ലീഡർ ഗ്രൂപ്പിൽ രൂപീകരിക്കപ്പെട്ട ആശയങ്ങൾ അവതരിപ്പിക്കുന്നു. മറ്റ് പഠിതാക്കൾ ആവശ്യമായ നിർദേശങ്ങൾ നൽകുന്നു. പരാമർശിക്കപ്പെടാത്തതും പ്രധാനപ്പെട്ടതുമായ ആശയങ്ങൾ അധ്യാപിക/അധ്യാപകൻ ക്രോഡീകരണവേളയിൽ അവതരിപ്പിക്കണം. ചർച്ചകളിൽ പഠിതാക്കളുടെ പങ്കാളിത്തവും പഠിതാക്കൾ വ്യക്തിപരമായി തയാറാക്കുന്ന ചർച്ചാ കുറിപ്പുകളും CE വിലയിരുത്തലിനായി പരിഗണിക്കാവുന്നതാണ്.

**5.4 തുടർ പ്രവർത്തനങ്ങൾ**

'മാലിന്യനിർമാർജ്ജനവും സാമൂഹ്യ ശുചിത്വക്കുറവും' എന്ന വിഷയത്തെക്കുറിച്ചുള്ള പഠനത്തിന് വിവരശേഖരണത്തിന് അനുയോജ്യമായ ഒരു ചോദ്യാവലി തയാറാക്കുക.

# അധ്യായം- 6

# സാമൂഹ്യഘടന, സാമൂഹ്യവിഭജനം, സാമൂഹ്യപ്രക്രിയകൾ

സമയം : 2 ½ മണിക്കൂർ

**6.1 ആമുഖം**

ഏതൊരു സമൂഹത്തിന്റെയും അടിസ്ഥാനമായ സാമൂഹ്യഘടന, സാമൂഹ്യ ശ്രേണീകരണം, സാമൂഹ്യപ്രക്രിയകൾ എന്നീ ആശയങ്ങളാണ് ഈ യൂണിറ്റിൽ ചർച്ച ചെയ്യുന്നത്. സാമൂഹ്യഘടനയെ നിർണയിക്കുന്നത് വ്യക്തികളുടെ പ്രവർത്തനങ്ങളും ബന്ധങ്ങളുമാണ്. സമൂഹത്തിൽ മനുഷ്യ പ്രവർത്തനങ്ങളും ബന്ധങ്ങളും നിലനിൽക്കുന്നത് സഹകരണം, മത്സരം, സംഘട്ടനം തുടങ്ങിയ സാമൂഹ്യ പ്രക്രിയയിലൂടെയാണ്. സാമൂഹ്യ ഘടന വ്യക്തികൾക്ക് അതീതവും എന്നാൽ വ്യക്തികളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതുമാണ്. സാമൂഹ്യ ശ്രേണീകരണം സാമൂഹ്യഘടനയുടെ ഭാഗമാണ്. സാമൂഹ്യ ശ്രേണീകരണത്തിന്റെ അടിസ്ഥാനമായ അസമത്വം വ്യക്തികൾക്കിടയിൽ ആകസ്മികമായി വിതരണം ചെയ്യുന്നതല്ല, മറിച്ച് വ്യത്യസ്ത സാമൂഹ്യ സംഘങ്ങളിലെ അംഗത്വവുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. ഈ ആശയങ്ങൾ പഠിതാക്കളിൽ എത്തിക്കുകയാണ് ഈ അധ്യായത്തിന്റെ മുഖ്യലക്ഷ്യം.

**6.2 യൂണിറ്റ് ഫ്രെയിം**

| പദങ്ങൾ/ ആശയങ്ങൾ | പ്രക്രിയയും പ്രവർത്തനങ്ങളും വിലയിരുത്തലും | പഠന നേട്ടങ്ങൾ |
|---|---|---|
| • സാമൂഹ്യ ഘടനയും സാമൂഹ്യ ശ്രേണീകരണവും. | **പ്രവർത്തനം:**<br>മൗന വായന, ചർച്ച. ഉദാഹരണങ്ങളിലൂടെയുള്ള വിശദീകരണം.<br>**വിലയിരുത്തൽ**<br>പ്രക്രിയ :<br>- ചർച്ചയിലെ പങ്കാളിത്തം<br>പോർട്ട്ഫോളിയോ:<br>- ചർച്ചാ റിപ്പോർട്ട് | • മനുഷ്യരുടെ ബന്ധങ്ങളും പ്രവർത്തികളും പല സ്ഥലങ്ങളിലും സമയങ്ങളിലും ആവർത്തിക്കപ്പെടുമ്പോഴാണ് സാമൂഹ്യഘടന രൂപം കൊള്ളുന്നതെന്ന് ഉദാഹരണ സഹിതം വിവരിക്കുന്നു.<br>• വ്യക്തികളുടെ പ്രവർത്തികളെ സാമൂഹ്യ ഘടന നിയന്ത്രിക്കുന്നു എന്ന് കണ്ടെത്തുന്നു. |
| • സാമൂഹ്യ പ്രക്രിയ മനസ്സിലാക്കാനുള്ള രണ്ട് മാർഗങ്ങൾ | **പ്രവർത്തനം:**<br>മത്സരം, സഹകരണം, സംഘർഷം എന്നിവയ്ക്ക് അനുദിന ജീവിതത്തിൽ നിന്ന് ഉദാഹരണങ്ങൾ കണ്ടെത്തിക്കൊണ്ടുള്ള ചർച്ച.<br>**വിലയിരുത്തൽ**<br>പ്രക്രിയ : - ചർച്ചയിലെ പങ്കാളിത്തവും ആശയ ധാരണയും.<br>പോർട്ട്ഫോളിയോ: ചർച്ചാകുറിപ്പ് | • മനുഷ്യൻ ചരിത്രം നിർമിക്കുന്നത് അവർക്കാവശ്യമായ രീതിയിലെന്നപോലെ അവർ ഉൾപ്പെട്ടിരിക്കുന്ന ഘടനാപരമായ ചുറ്റുപാടുകളുടെയും പരിമിതികളുടെയും സാധ്യതകളുടെയും ഉള്ളിൽ നിന്നുകൊണ്ടാണെന്ന് വിശദീകരിക്കുന്നു. |

| പദങ്ങൾ/ ആശയങ്ങൾ | പ്രക്രിയയും പ്രവർത്തനങ്ങളും വിലയിരുത്തലും | പഠന നേട്ടങ്ങൾ |
|---|---|---|
| | | • മനുഷ്യർക്ക് അവരുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിന് പരസ്പര സഹകരണം ആവശ്യമാണെന്ന് കണ്ടെത്തി വിശദീകരിക്കുന്നു. |
| • സഹകരണവും തൊഴിൽ വിഭജനവും<br>- യാന്ത്രിക ഐക്യദാർഢ്യം<br>- ജൈവ ഐക്യദാർഢ്യം | **പ്രവർത്തനം:**<br>ചർച്ച : നാട്ടിൻപുറത്തെ ഒരു ചെറിയ പലചരക്ക് കടയുടെയും നഗരത്തിലെ വലിയ ബിസിനസ്സ് മാളിന്റെ ഉദാഹരണങ്ങളിലൂടെ യാന്ത്രിക ഐക്യദാർഢ്യ വും ജൈവ ഐക്യദാർഢ്യവും തമ്മിലുള്ള വ്യത്യാസം വിശദീകരിക്കുന്നു.<br>**വിലയിരുത്തൽ**<br>പ്രക്രിയ : - ചോദ്യങ്ങളുടെ എണ്ണവും വ്യാപ്തിയും.<br>പോർട്ട്ഫോളിയോ: പാഠഭാഗത്ത് നൽകിയിരിക്കുന്ന പഠന പ്രവർത്തനം പൂർത്തീകരിച്ച് തയാറാക്കിയ കുറിപ്പ് | • ജനങ്ങൾ വൈദഗ്ധ്യമുള്ളവരായി മാറുമ്പോൾ പരസ്പരാശ്രയത്വം വർധിക്കുമെന്ന് വിശദമാക്കുന്നു. |
| • മത്സരം | **പ്രവർത്തനം:**<br>ആധുനിക സമൂഹത്തിൽ മത്സരത്തിന്റെ സാധ്യതകളെയും പരിമിതികളെയും കുറിച്ചുള്ള സംവാദം.<br>**വിലയിരുത്തൽ**<br>പ്രക്രിയ : - സംവാദത്തിലെ പങ്കാളിത്തവും ആശയ ധാരണയും.<br>പോർട്ട്ഫോളിയോ: സംവാദ റിപ്പോർട്ട്. | • മത്സരം മുതലാളിത്ത സമൂഹത്തിന്റെ ഏറ്റവും വലിയ പ്രത്യേകതയാണെന്നും സമൂഹശാസ്ത്രപരമായി മനസ്സിലാക്കേണ്ടതാണെന്നുമുള്ള ധാരണ രൂപീകരിക്കുന്നു. |
| • സംഘർഷവും സഹകരണവും | **പ്രവർത്തനം:**<br>പാഠഭാഗത്ത് തന്നിരിക്കുന്ന കേസുകൾ വിശകലനം ചെയ്തുകൊണ്ടുള്ള ചർച്ച.<br>**വിലയിരുത്തൽ**<br>പ്രക്രിയ : - കേസ് വിശകലനത്തിലെ പങ്കാളിത്തം.<br>പോർട്ട്ഫോളിയോ: കേസ് വിശകലന കുറിപ്പ് | • വിഭവങ്ങളുടെ ദൗർലഭ്യം സമൂഹത്തിൽ സംഘർഷമുണ്ടാക്കുന്നു എന്ന തിരിച്ചറിവ് ഉദാഹരണ സഹിതം സമർത്ഥിക്കുന്നു. |

**6.3 പാഠത്തിലേക്ക്**

പാഠഭാഗം മുൻകൂട്ടി വായിച്ച് സംശയങ്ങൾ എഴുതി തയാറാക്കിവരുവാൻ പഠിതാക്കളോട് ആവശ്യപ്പെടേണ്ടതാണ്. സമ്പർക്ക പഠന ക്ലാസിൽ പഠിതാക്കൾ എഴുതി തയാറാക്കി വരുന്ന സംശയങ്ങൾ ശേഖരിച്ച ശേഷം അവയെ യൂണിറ്റ് ഫ്രെയിമിന്റെ ആദ്യകോളത്തിൽ തന്നിരിക്കുന്ന പ്രധാന ആശയങ്ങളുടെ അടിസ്ഥാനത്തിൽ 5 ആയി തരംതിരിക്കുക. പഠിതാക്കൾ 5 ഗ്രൂപ്പുകളായി തിരിഞ്ഞ് ഓരോ ഗ്രൂപ്പും ഓരോ ആശയവുമായി ബന്ധപ്പെട്ട സംശയങ്ങൾ ചർച്ച ചെയ്യട്ടെ. ഗ്രൂപ്പുകൾ കണ്ടെത്തുന്ന ഉത്തരങ്ങൾ ക്ലാസിൽ അവതരിപ്പിച്ച് ചർച്ച നടത്തേണ്ടതാണ്. ഗ്രൂപ്പുകൾക്ക് ദൂരീകരിക്കാനാകാത്ത സംശയങ്ങൾ

അധ്യാപിക/അധ്യാപകൻ അനുയോജ്യമായ ഉദാഹരണങ്ങളുടെ സഹായത്തോടെ വിശദീകരിക്കണം.

ഗ്രൂപ്പ് പ്രതിനിധി ഗ്രൂപ്പിൽ രൂപപ്പെട്ട ആശയങ്ങൾ അവതരിപ്പിക്കുന്നതിനോടൊപ്പം മറ്റൊരംഗം ചർച്ചാ വേളയിൽ ഗ്രൂപ്പ് അംഗങ്ങളുടെ പ്രകടനത്തെ താഴെ നൽകിയിരിക്കുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തി ഒരു ചെറു അവതരണം നടത്തേണ്ടതാണ്.

- ചർച്ചയിലെ പങ്കാളിത്തം
- ആശയ ധാരണ
- ആർജിച്ച ശേഷികൾ
- പ്രകടനം/അവതരണം
- രേഖപ്പെടുത്തൽ/തയാറാക്കൽ

(വിശദാംശങ്ങൾക്ക് ഹയർ സെക്കണ്ടറി തുല്യതാകേഴ്സ് വിലയിരുത്തൽ സംബന്ധിച്ച മാർഗരേഖ പരിശോധിക്കുക.)

ഇപ്രകാരം അവതരിപ്പിക്കപ്പെടുന്ന പ്രധാന ആശയങ്ങൾ പ്രക്രിയ വിലയിരുത്തലിന്റെ ഭാഗമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

പാഠഭാഗത്ത് നൽകിയിരിക്കുന്ന എല്ലാ പഠനപ്രവർത്തനങ്ങളും പൂർത്തീകരിച്ച് കൊണ്ടുവരാൻ പഠിതാക്കളോട് ആവശ്യപ്പെടേണ്ടതും ആയത് പോർട്ട് ഫോളിയോ വിലയിരുത്തൽ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ (ആശയ വ്യക്തത, ധാരണകളുടെ സ്വാംശീകരണം, അനുയോജ്യമായ രൂപകൽപ്പന, പൂർണത, തനിമ) നിരന്തര മൂല്യനിർണയത്തിന് വിധേയമാക്കേണ്ടതുമാണ്.

**തുടർ പ്രവർത്തനങ്ങൾ**

പ്രത്യക്ഷത്തിൽ സഹകരണം പ്രകടമാകുന്നവയും എന്നാൽ ആഴത്തിലുള്ള സംഘർഷങ്ങൾ മറഞ്ഞിരിക്കുന്നവയുമായ സാമൂഹ്യപെരുമാറ്റങ്ങൾക്ക് അനുദിന ജീവിതത്തിൽ നിന്ന് ഉദാഹരണങ്ങൾ കണ്ടെത്തി, വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

# അധ്യായം- 7

# സാമൂഹ്യമാറ്റവും സാമൂഹ്യക്രമവും ഗ്രാമ-നഗര സമൂഹങ്ങളിൽ

സമയം : 3 മണിക്കൂർ

**7.1 ആമുഖം**

സാമൂഹ്യമാറ്റം ഒരു ആഗോള പ്രതിഭാസമെന്ന പോലെ പ്രകൃതി നിയമവുമാണ്. സമൂഹത്തിൽ സംഭവിക്കുന്ന കാതലായ മാറ്റങ്ങളാണ് സാമൂഹ്യമാറ്റം. എല്ലാമാറ്റങ്ങളും സാമൂഹ്യമാറ്റങ്ങളായിക്കൊള്ളണമെന്നില്ല. സാമൂഹ്യക്രമം മാറ്റത്തിന് വിപരീതമാണ്. ഗ്രാമ-നഗര സമൂഹങ്ങളിൽ സാമൂഹ്യമാറ്റത്തിനും സാമൂഹ്യക്രമം നിലനിർത്തുന്നതിനും അനുകൂലവും പ്രതികൂലവുമായി നിൽക്കുന്ന ഘടകങ്ങളെ ഈ അധ്യായത്തിൽ വിശകലനം ചെയ്യുന്നു.

**7.2 യൂണിറ്റ് ഫ്രെയിം**

| പദങ്ങൾ/ ആശയങ്ങൾ | പ്രക്രിയയും പ്രവർത്തനങ്ങളും വിലയിരുത്തലും | പഠന നേട്ടങ്ങൾ |
|---|---|---|
| സാമൂഹ്യമാറ്റം | **പ്രവർത്തനം:**<br>പഠിതാക്കളുടെ മാതാപിതാക്കളുടെ ചെറുപ്പകാലത്ത് നിലവിലില്ലാതിരുന്നതും എന്നാൽ ഇപ്പോൾ ലഭ്യവുമായ വസ്തുക്കളുടെ പട്ടിക തയാറാക്കിക്കൊണ്ടുള്ള വിശകലനം.<br>**വിലയിരുത്തൽ**<br>പ്രക്രിയ : പട്ടിക തയാറാക്കൽ പ്രക്രിയയിലെയും തുടർന്നുള്ള വിശകലനത്തിലെയും പങ്കാളിത്തം.<br>പോർട്ട്ഫോളിയോ: പൂർത്തീകരിച്ച പട്ടിക. | സാമൂഹ്യമാറ്റം എന്ന ആശയം ഉൾക്കൊള്ളാനും സമൂഹത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ വിശദീകരിക്കാനും സാധിക്കുന്നു. |
| • പരിണാമാത്മക മാറ്റങ്ങൾ<br>• വിപ്ലവാത്മക മാറ്റങ്ങൾ | **പ്രവർത്തനം:**<br>പ്രവർത്തനം ഒന്നിൽ തയാറാക്കിയ പട്ടികയെ പരിണാമാത്മക മാറ്റങ്ങളെന്നും വിപ്ലവകരമായ മാറ്റങ്ങളെന്നുമായി തരംതിരിച്ച് കൊണ്ടുള്ള ചാർട്ട് തയ്യാറാക്കൽ.<br>**വിലയിരുത്തൽ**<br>പ്രക്രിയ : ചാർട്ട് തയാറാക്കൽ പ്രക്രിയയിലെ പങ്കാളിത്തം, ആശയ വ്യക്തത.<br>പോർട്ട്ഫോളിയോ: പൂർത്തീകരിച്ച ചാർട്ട്. | പരിണാമാത്മക സാമൂഹ്യ മാറ്റങ്ങളും വിപ്ലവാത്മക സാമൂഹ്യമാറ്റങ്ങളും വേർതിരിച്ചറിയുന്നു. |
| • ഘടനാപരമായ മാറ്റങ്ങൾ<br>• മൂല്യങ്ങൾ വിശ്വാസങ്ങൾ എന്നിവയിലുള്ള മാറ്റം. | **പ്രവർത്തനം:**<br>ചിത്രങ്ങളെ ആസ്പദമാക്കിയുള്ള വിശകലനം.<br>**വിലയിരുത്തൽ**<br>പ്രക്രിയ : വിശകലന പ്രക്രിയയിലെ പങ്കാളിത്തം.<br>പോർട്ട്ഫോളിയോ: വിശകലന കുറിപ്പ്. | ഘടനാപരമായ മാറ്റങ്ങളും ആശയങ്ങളിലും മൂല്യങ്ങളിലും വിശ്വാസങ്ങളിലുമുള്ള മാറ്റങ്ങളും തിരിച്ചറിയുകയും അംഗീകരിക്കുകയും ചെയ്യുന്നു. |
| സാമൂഹ്യമാറ്റത്തിന്റെ കാരണങ്ങൾ | **പ്രവർത്തനം:**<br>പ്രവർത്തനം മൂന്നിൽ ഉപയോഗിച്ച ചിത്ര | സാമൂഹ്യ മാറ്റത്തിന്റെ ഉറവിടങ്ങളെ നിരീക്ഷി |

| പദങ്ങൾ/ ആശയങ്ങൾ | പ്രക്രിയയും പ്രവർത്തനങ്ങളും വിലയിരുത്തലും | പഠന നേട്ടങ്ങൾ |
|---|---|---|
| - പാരിസ്ഥിതികം<br>- സാങ്കേതികം<br>- സാമ്പത്തികം<br>- രാഷ്ട്രീയം<br>- സാംസ്കാരികം | ങ്ങളെ സാമൂഹ്യമാറ്റത്തിന്റെ കാരണങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ഫ്ളോചാർട്ടായി അവതരിപ്പിക്കലും വിശകലനവും.<br>**വിലയിരുത്തൽ**<br>പ്രക്രിയ : ഫ്ളോചാർട്ട് തയാറാക്കൽ പ്രക്രിയയിലെ പങ്കാളിത്തം, കൃത്യത.<br>പോർട്ട്ഫോളിയോ: പൂർത്തീകരിച്ച ഫ്ളോ ചാർട്ട്. | ക്കാനും തരംതിരിക്കാനും വിലയിരുത്താനും സാധിക്കുന്നു. |
| • സാമൂഹ്യക്രമം<br>• ആധിപത്യം<br>• അധികാരം<br>• നിയമം | **പ്രവർത്തനം:**<br>• സാമൂഹ്യമാറ്റത്തെ പ്രതിരോധിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള ചർച്ചയിലൂടെ സാമൂഹ്യക്രമം അവതരിപ്പിക്കുന്നു.<br>• സാമൂഹ്യക്രമം നിലനിർത്തുന്നതിൽ ആധിപത്യം അധികാരം, നിയമം എന്നിവയ്ക്കുള്ള പങ്കിനെക്കുറിച്ചുള്ള ചർച്ച.<br>**വിലയിരുത്തൽ**<br>പ്രക്രിയ : ചർച്ചകളിലെ ഇടപെടൽ, ആശയധാരണ.<br>പോർട്ട്ഫോളിയോ: ചർച്ചാകുറിപ്പുകൾ. | സാമൂഹ്യക്രമം നിലനിർത്തുന്നതിൽ അധികാരം, ആധിപത്യം, നിയമം എന്നിവയ്ക്കുള്ള പങ്ക് വിശകലനം ചെയ്ത് അംഗീകരിക്കാനും വിലയിരുത്താനും സാധിക്കുന്നു. |
| • ശണ്ഠ<br>• കുറ്റകൃത്യം<br>• ഹിംസ | **പ്രവർത്തനം:**<br>• ചിത്രങ്ങളുടെ സഹായത്തോടെ ശണ്ഠ എന്ന ആശയം ചർച്ച ചെയ്യുന്നു.<br>• ദണ്ഡിയാത്രയുടെ വിശകലനത്തിലൂടെ കുറ്റകൃത്യത്തിന്റെയും ഹിംസയുടെയും വ്യത്യസ്ത തലങ്ങൾ ചർച്ച ചെയ്യുന്നു.<br>**വിലയിരുത്തൽ**<br>പ്രക്രിയ : ചർച്ചകളിലെ പങ്കാളിത്തം.<br>പോർട്ട്ഫോളിയോ: ചർച്ചാ കുറിപ്പുകൾ | • സാമൂഹ്യക്രമത്തിന് വെല്ലുവിളിയായ ഘടകമാണ് ശണ്ഠ അഥവ യോജിപ്പില്ലായ്മ എന്ന് തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു.<br>• കുറ്റകൃത്യങ്ങളും ഹിംസയും സാമൂഹ്യക്രമത്തെ എപ്രകാരമാണ് സ്വാധീനിക്കുന്നതെന്ന് വിലയിരുത്തുന്നു. |
| • ഗ്രാമം<br>• പട്ടണം<br>• നഗരം | **പ്രവർത്തനം:**<br>ചിത്രങ്ങളുടെ സഹായത്തോടെ ഗ്രാമം, പട്ടണം, നഗരം എന്നിവയുടെ സവിശേഷതകളുടെ പട്ടിക തയാറാക്കുന്നു.<br>**വിലയിരുത്തൽ**<br>പ്രക്രിയ : ചിത്ര വിശകലനത്തിലെ പങ്കാളിത്തവും താൽപര്യവും<br>പോർട്ട്ഫോളിയോ: തയാറാക്കിയ പട്ടിക. | ഗ്രാമവും പട്ടണവും നഗരവും തമ്മിലുള്ള വ്യത്യാസങ്ങൾ നിരീക്ഷിച്ച് തരംതിരിക്കുന്നു. |
| • ഗ്രാമപ്രദേശങ്ങളിലെ സാമൂഹ്യക്രമവും സാമൂഹ്യ മാറ്റവും.<br>• നഗര പ്രദേശങ്ങളിലെ സാമൂഹ്യക്രമവും സാമൂഹ്യമാറ്റവും. | **പ്രവർത്തനം:**<br>പഠിതാക്കളുടെ അനുഭവങ്ങളുടെയും നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിലുള്ള ചർച്ച.<br>പ്രക്രിയ : നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നതിലെ മികവും പുതുമയും.<br>പോർട്ട്ഫോളിയോ: ചർച്ചാ കുറിപ്പ്. | ഗ്രാമ-നഗര പ്രദേശങ്ങളിലെ സാമൂഹ്യക്രമത്തിനും സാമൂഹ്യമാറ്റത്തിനുമുള്ള അനുകൂലവും പ്രതികൂലവുമായ ഘടകങ്ങൾ തിരിച്ചറിഞ്ഞ് വിലയിരുത്തുന്നു. |

| പദങ്ങൾ/ ആശയങ്ങൾ | പ്രക്രിയയും പ്രവർത്തനങ്ങളും വിലയിരുത്തലും | പഠന നേട്ടങ്ങൾ |
|---|---|---|
| • നാഗരിക പ്രശ്നങ്ങൾ | **പ്രവർത്തനം :**<br>പത്ര/മാസിക റിപ്പോർട്ടുകൾ/<br>നഗരം സന്ദർശിച്ച് നിരീക്ഷണ കുറിപ്പ് തയാറാക്കൽ<br>**വിലയിരുത്തൽ**<br>പ്രക്രിയ : - നഗര സന്ദർശനത്തിലെ പങ്കാളിത്തം, ആസൂത്രണം, വിവരശേഖരണം.<br>പോർട്ട്ഫോളിയോ: നിരീക്ഷണ കുറിപ്പ്. | നാഗരിക പ്രശ്നങ്ങൾ വിശകലനം ചെയ്യാനും പരിഹാര മാർഗങ്ങൾ നിർദേശിക്കാനും സാധിക്കുന്നു. |
| • കുലീനവൽക്കരണം<br>• ബന്ധിത സമുദായങ്ങൾ<br>• ഗെറ്റോ | **പ്രവർത്തനം:**<br>ചിത്രങ്ങളുടെ സഹായത്തോടെയുള്ള വിശകലനം.<br>**വിലയിരുത്തൽ**<br>പ്രക്രിയ : - ചിത്ര വിശകലനത്തിലെ പങ്കാളിത്തം.<br>പോർട്ട്ഫോളിയോ: വിശകലന റിപ്പോർട്ട്. | ആധുനിക സമൂഹത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന കുലീനവൽക്കരണം (Gentrification) ബന്ധിത സമുദായങ്ങൾ (gated commu nities) ഗെറ്റോവൽക്കരണം എന്നിവ തിരിച്ചറിയുന്നു. |

### 7.3 പാഠത്തിലേക്ക്

പഠിതാക്കൾ ഗ്രൂപ്പുകളായി തിരിഞ്ഞ് പാഠഭാഗത്തിലെ ഓരോ ഭാഗം വീതം വായിക്കട്ടെ. ഓരോ ഗ്രൂപ്പിനോടും രണ്ട് കാര്യങ്ങൾ ചെയ്യാൻ ആവശ്യപ്പെടുക.

1. നൽകിയിരിക്കുന്ന പാഠഭാഗത്തിലെ പ്രധാന ആശയങ്ങൾ ചർച്ച ചെയ്ത് ക്ലാസ്സിൽ അവതരിപ്പിക്കണം.
2. സംശയങ്ങളുണ്ടെങ്കിൽ അവ കണ്ടെത്തി പൊതു ചർച്ചാവേളയിൽ അവതരിപ്പിക്കണം.

താഴെ പറയുന്ന പ്രകാരമായിരിക്കണം പാഠഭാഗങ്ങൾ വായനയ്ക്കായി നൽകേണ്ടത്.

ഗ്രൂപ്പ് 1 - സാമൂഹ്യമാറ്റം (പേജ് 145-151)
ഗ്രൂപ്പ് 2 - സാമൂഹ്യക്രമം (പേജ് 151-155)
ഗ്രൂപ്പ് 3 - ഗ്രാമങ്ങൾ, പട്ടണങ്ങൾ, നഗരങ്ങൾ ഗ്രാമ പ്രദേശങ്ങളിലെ സാമൂഹ്യക്രമവും സാമൂഹ്യ മാറ്റവും (പേജ് 155-157)
ഗ്രൂപ്പ് 4 - നഗര പ്രദേശങ്ങളിലെ സാമൂഹ്യ മാറ്റവും സാമൂഹ്യക്രമവും (പേജ് 158-161)

ഗ്രൂപ്പ് ചർച്ചകൾ പരമാവധി യൂണിറ്റ് ഫ്രെയിമിൽ നൽകിയിരിക്കുന്ന പ്രവർത്തനങ്ങളുടെ രൂപത്തിൽ സംഘടിപ്പിക്കുന്നതിനും സ്വയംപഠന സാമഗ്രിയിൽ നൽകിയിരിക്കുന്ന പഠന പ്രവർത്തനങ്ങൾ ഗ്രൂപ്പ് ചർച്ചയുടെ ഭാഗമായി പൂർത്തീകരിക്കുന്നതിനും ശ്രദ്ധിക്കണം.

ഓരോ ഗ്രൂപ്പും പ്രധാന ആശയങ്ങൾ ക്ലാസിൽ അവതരിപ്പിക്കുന്നതോടൊപ്പം അതാത് ഭാഗത്തുനിന്നുള്ള സംശയങ്ങളും കൂടുതൽ വ്യക്തത ആവശ്യമായ ഭാഗങ്ങളും അവതരിപ്പിക്കണം. ഓരോ അവതരണത്തിനു ശേഷവും പൊതുചർച്ച സംഘടിപ്പിക്കേണ്ടതാണ്. ഗ്രൂപ്പിൽ ദൂരീകരിക്കാൻ കഴിയാതെ വരുന്ന സംശയങ്ങൾ അധ്യാപികയുടെ/അധ്യാപകന്റെ ഇടപെടലിലൂടെ പരിഹരിക്കേണ്ടതാണ്.

ഗ്രൂപ്പ് പ്രവർത്തനങ്ങളിലെ പഠിതാക്കളുടെ പങ്കാളിത്തം പ്രക്രിയ വിലയിരുത്തലിന്റെ ഭാഗമായി വിലയിരുത്തുന്നതോടൊപ്പം പൂർത്തീകരിച്ച പഠന പ്രവർത്തനങ്ങളുടെ തെളിവുകൾ പോർട്ട് ഫോളിയോ വിലയിരുത്തലിനായി പരിഗണിക്കേണ്ടതാണ്.

### 7.4 തുടർ പ്രവർത്തനങ്ങൾ

1. കേരളത്തിന്റെ പശ്ചാത്തലത്തിൽ ബന്ധിത സമുദായങ്ങളായി മാറുകയും കുലീനവൽക്കരിക്കപ്പെടുകയും ചെയ്ത സമുദായങ്ങൾ കണ്ടെത്തി ഒരു റിപ്പോർട്ട് തയാറാക്കുക.

2. നിങ്ങൾക്ക് ഏറ്റവും പരിചിതമായ ഒരു നഗരം സന്ദർശിച്ച് അവിടെ കാണുന്ന പ്രധാന പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരമാർഗങ്ങളെും ഉൾപ്പെടുത്തി ഒരു റിപ്പോർട്ട് തയാറാക്കുക.

# അധ്യായം- 8

# പരിസ്ഥിതിയും സമൂഹവും

സമയം : 3 മണിക്കൂർ

**8.1 ആമുഖം**

പ്രകൃതിയിലെ ജീവിയവും അജീവിയവുമായ ഘടകങ്ങളെ പ്രതിപാദിക്കുന്നതാണ് പരിസ്ഥിതി. ചുറ്റുപാടിലെ ജീവിയ - അജീവിയ ഘടകങ്ങളുമായി മനുഷ്യന് അഭേദ്യമായ ബന്ധമാണുള്ളത്. നമ്മുടെ വീട് നിർമ്മിക്കാനുപയോഗിച്ചിരിക്കുന്ന കല്ലുകൾ, ഇഷ്ടിക, മണൽ, ജലം, മണ്ണ്, ഇരുമ്പ് തുടങ്ങിയവയും നാം ഉപയോഗിക്കുന്ന വിവിധതരം ഫർണിച്ചറുകൾ, വസ്ത്രങ്ങൾ, പാത്രങ്ങൾ, ആഭരണങ്ങൾ എന്നിവക്കാവശ്യമായ അസംസ്കൃത വസ്തുക്കളും പരിസ്ഥിതിയിൽ നിന്നാണ് ലഭിക്കുന്നത്. വിവേക പൂർണമല്ലാത്ത മനുഷ്യന്റെ ഇടപെടലുകൾ പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുന്നു. മലിനീകരണം, ആഗോളതാപനം, വ്യാവസായിക - ന്യൂക്ലിയർ ദുരന്തങ്ങൾ എന്നിവ മനുഷ്യനിർമ്മിതമായ പരിസ്ഥിതി പ്രശ്നങ്ങളാണ്. സുനാമി, ഭൂകമ്പം, അഗ്നിപർവത സ്ഫോടനം എന്നിവ പ്രകൃതിദത്ത ദുരന്തങ്ങളിൽപ്പെടുന്നു. ഈ അധ്യായത്തിൽ പരിസ്ഥിതി പ്രശ്നങ്ങളെ സാമൂഹ്യപ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ വിശദീകരിക്കാനാണ് ശ്രമിച്ചിരിക്കുന്നത്.

**8.2. യൂണിറ്റ് ഫ്രെയിം**

| പദങ്ങൾ/ ആശയങ്ങൾ | പ്രക്രിയയും പ്രവർത്തനങ്ങളും വിലയിരുത്തലും | പഠന നേട്ടങ്ങൾ |
|---|---|---|
| സാമൂഹ്യപരിസ്ഥിതി | **പ്രവർത്തനം:**<br>മനുഷ്യന് പ്രകൃതിയുമായുള്ള വിവിധ ഇടപെടലുകളെ ആസ്പദമാക്കി കൊണ്ടുള്ള 'കോളാഷ്' അഥവ ചിത്രങ്ങൾ കാണിച്ചു കൊണ്ട് പഠിതാക്കളെ ചർച്ചയിലേക്ക് നയിക്കുന്നു.<br>**വിലയിരുത്തൽ**<br>പ്രക്രിയ : ചർച്ചയിൽ പഠിതാക്കളുടെ പ്രകടനം വിലയിരുത്തുന്നു.<br>പോർട്ട്ഫോളിയോ: ചർച്ചാ റിപ്പോർട്ടുകൾ, ചർച്ചാ കുറിപ്പ്, കോളാഷ്. | ഇക്കോളജിയെ തിരിച്ചറിയുകയും നിർവചിക്കുകയും ചെയ്യുന്നു. |
| സാമൂഹിക സംഘാടനം | **പ്രവർത്തനം:**<br>ചാർട്ടിന്റെ സഹായത്തോടെ പ്രകൃതി വിഭവങ്ങളുടെ ഉടമസ്ഥതയും നിയന്ത്രണവും സർക്കാർ സ്വകാര്യ സ്ഥാപനങ്ങൾ കൈകാര്യം ചെയ്യുന്ന രീതി ചർച്ച ചെയ്യുന്നു.<br>**വിലയിരുത്തൽ**<br>പ്രക്രിയ : പഠിതാക്കളുടെ പങ്കാളിത്തം, വിശദീകരണം എന്നിവ വിലയിരുത്തുന്നു.<br>പോർട്ട്ഫോളിയോ : ചാർട്ട്, ചർച്ചാകുറിപ്പുകൾ | സാമൂഹ്യ സംഘാടനവും പരിസ്ഥിതിയും തമ്മിലുള്ള ബന്ധം തിരിച്ചറിയുന്നു. |

| പദങ്ങൾ/ ആശയങ്ങൾ | പ്രക്രിയയും പ്രവർത്തനങ്ങളും വിലയിരുത്തലും | പഠന നേട്ടങ്ങൾ |
|---|---|---|
| സാമൂഹ്യ മൂല്യങ്ങളും വഴക്കങ്ങളും. | **പ്രവർത്തനം:**<br>പരിസ്ഥിതി മൂല്യങ്ങളെ ആസ്പദമാക്കിയുള്ള ലഘുലേഖ/വീഡിയോ എന്നിവയുടെ അടിസ്ഥാനത്തിൽ ഗ്രൂപ്പ് ചർച്ച.<br>**വിലയിരുത്തൽ**<br>പ്രക്രിയ: പഠിതാവിന്റെ ഇടപെടൽ, ആശയ വ്യക്തത എന്നിവ വിലയിരുത്തുന്നു.<br>പോർട്ട്ഫോളിയോ: ചർച്ചാകുറിപ്പ്, റിപ്പോർട്ട്. | പരിസ്ഥിതിയെ സ്വാധീനിക്കുന്ന സാമൂഹിക-നൈതിക മൂല്യങ്ങൾ ഏതൊക്കെയെന്ന് തിരിച്ചറിഞ്ഞ് വിലയിരുത്തുന്നു. |
| പ്രധാന പരിസ്ഥിതി പ്രശ്നങ്ങൾ | **പ്രവർത്തനം:**<br>പത്ര കുറിപ്പുകളുടെ അടിസ്ഥാനത്തിൽ ഗ്രൂപ്പ് ചർച്ച. പ്രാദേശികമായ പരിസ്ഥിതി പ്രശ്നങ്ങൾ കണ്ടെത്തി ചർച്ച ചെയ്യുന്നു.<br>**വിലയിരുത്തൽ**<br>പ്രക്രിയ : പ്രാദേശികമായ പരിസ്ഥിതി പ്രശ്നങ്ങൾ കണ്ടെത്തുന്നുതിലുള്ള പഠിതാക്കളുടെ കഴിവ്, അവതരണം, ഗ്രൂപ്പ് ചർച്ചയിലെ പങ്കാളിത്തം എന്നിവ വിലയിരുത്തുന്നു.<br>പോർട്ട്ഫോളിയോ : ചർച്ചാകുറിപ്പുകൾ, പത്ര കുറിപ്പുകളുടെ ശേഖരം എന്നിവ വിലയിരുത്തുക | പ്രധാന പരിസ്ഥിതി പ്രശ്നങ്ങൾ വേർതിരിച്ചറിയുന്നു. |
| വിഭവ ശോഷണം | **പ്രവർത്തനം:**<br>പ്രാദേശികമായി ലഭ്യമാകുന്ന വിഭവങ്ങൾ പട്ടികപ്പെടുത്തി അവയെ പുന:സൃഷ്ടിക്കാൻ കഴിയുന്നവയെന്നും അല്ലാത്തതെന്നും തരം തിരിക്കുന്നു.<br>ഇത്തരം വിഭവങ്ങളുടെ ഉപയോഗം സമൂഹത്തെ എപ്രകാരം ബാധിക്കുന്നു എന്ന് ചർച്ച ചെയ്യുന്നു.<br>**വിലയിരുത്തൽ**<br>പ്രക്രിയ : പൊതു ചർച്ചയിൽ ഓരോ പഠിതാവിന്റെയും പ്രകടനം വിലയിരുത്തുന്നു.<br>പോർട്ട്ഫോളിയോ : പഠിതാവിന്റെ വ്യക്തിഗത കുറിപ്പുകൾ വിലയിരുത്തുന്നു. | വിഭവ ശോഷണം ഒരു പ്രധാന പരിസ്ഥിതി പ്രശ്നമാണെന്ന് തിരിച്ചറിയുന്നു. |
| മലിനീകരണം | **പ്രവർത്തനം:**<br>പഠിതാക്കളുടെ വിവിധ ഗ്രൂപ്പുകൾ മലിനീകരണവുമായി ബന്ധപ്പെട്ട് സെമിനാർ അവതരിപ്പിക്കുന്നു. വീഡിയോകൾ, പത്രകുറിപ്പുകൾ, ചിത്രങ്ങൾ എന്നിവ ഉപയോഗപ്പെടുത്തുവാനുള്ള നിർദേശങ്ങൾ കൊടുക്കേണ്ടതാണ്. | മലിനീകരണത്തിന്റെ സ്രോതസ്സുകൾ തിരിച്ചറിഞ്ഞ് വിവരിക്കുന്നു. |

| പദങ്ങൾ/ ആശയങ്ങൾ | പ്രക്രിയയും പ്രവർത്തനങ്ങളും വിലയിരുത്തലും | പഠന നേട്ടങ്ങൾ |
|---|---|---|
| | **വിലയിരുത്തൽ**<br>പ്രക്രിയ : പഠിതാക്കളുടെ വിവരശേഖരണ മികവ്, സംഘാടനം, പ്രകടനം തുടങ്ങിയവ വില യിരുത്തുക.<br>പോർട്ട്ഫോളിയോ : സെമിനാർ, റിപ്പോർട്ടും അനുബന്ധ രേഖകളും വിലയിരുത്തുക. | |
| ആഗോളതാപനം | **പ്രവർത്തനം:**<br>ആഗോളതാപനവുമായി ബന്ധപ്പെട്ട് വിദഗ്ധ രുടെയോ അല്ലെങ്കിൽ പഠിതാക്കളുടെയോ ഇടയിൽ നിന്നും ഈ വിഷയത്തിൽ കൂടുതൽ ധാരണയുള്ള വരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു പാനൽ ചർച്ച സംഘടിപ്പിക്കുന്നു.<br>**വിലയിരുത്തൽ**<br>പ്രക്രിയ : പഠിതാക്കളുടെ ചർച്ചയിലെ പങ്കാളിത്തം, അഭിപ്രായങ്ങൾ വിശദീകരിക്കുവാനുള്ള കഴിവ് എന്നിവ വിലയിരുത്തുക.<br>പോർട്ട്ഫോളിയോ : ചർച്ചാകുറിപ്പുകൾ, റിപ്പോർട്ട്. | ആഗോള താപനത്തിന്റെ കാരണങ്ങൾ വില യിരുത്തുന്നു. |
| ജനിതകമാറ്റം വരുത്തിയ ജീവജാലങ്ങൾ | **പ്രവർത്തനം:**<br>സംവാദം: 'ജനിതകമാറ്റം വരുത്തിയ ജീവജാലങ്ങൾ ഗുണങ്ങളും ദോഷങ്ങളും' എന്ന വിഷയത്തിൽ ഊന്നികൊണ്ട് പഠിതാക്കളുടെ ഒരു സംവാദം സംഘടിപ്പിക്കുന്നു.<br>**വിലയിരുത്തൽ**<br>പ്രക്രിയ : പഠിതാക്കളുടെ ഇടപെടൽ, ആശയം വ്യക്തമാക്കുവാനുള്ള കഴിവ് തുടങ്ങിയവ വില യിരുത്തുന്നു.<br>പോർട്ട്ഫോളിയോ : പഠിതാവിന്റെ വ്യക്തിഗത പഠനകുറിപ്പുകൾ. | ജനിതകമാറ്റം വരുത്തിയ ജീവജാലങ്ങളുടെ മേന്മകളും ദോഷങ്ങ ളും തിരിച്ചറിയുന്നു. |
| പരിസ്ഥിതി പ്രശ്നങ്ങൾ സാമൂഹ്യപ്രശ്നങ്ങളാണ്. | **പ്രവർത്തനം:**<br>ഗ്രൂപ്പ് ചർച്ച: 'കുടിവെള്ള ക്ഷാമം' എന്ന വിഷയത്തെ ആസ്പദമാക്കി പരിസ്ഥിതി പ്രശ്നങ്ങൾ എപ്രകാരമാണ് സാമൂഹ്യപ്രശ്നങ്ങളായി മാറുന്നതെന്ന് സംബന്ധിച്ച ചർച്ച.<br>**വിലയിരുത്തൽ**<br>പ്രക്രിയ : പഠിതാക്കളുടെ പങ്കാളിത്തം, ഇടപെടൽ, വിശദീകരണങ്ങൾ എന്നിവ വില യിരുത്തുന്നു.<br>പോർട്ട്ഫോളിയോ : ചർച്ചാ കുറിപ്പുകൾ, റിപ്പോർട്ട് എന്നിവ വിലയിരുത്തുന്നു. | പരിസ്ഥിതി പ്രശ്നങ്ങൾ സാമൂഹ്യപ്രശ്നങ്ങളുമാണെന്ന് വിലയിരുത്തുന്നു. |
| സമൂഹവും പരിസ്ഥിതിയുമായുള്ള സംഘർഷം<br>നഗര പരിസ്ഥിതി | **പ്രവർത്തനം:**<br>സമൂഹവും പരിസ്ഥിതിയുമായുള്ള സംഘർ ഷം വിശദമാക്കുന്ന പത്രകുറിപ്പുകൾ/ലേഖനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഗ്രൂപ്പ് ചർച്ച. | നഗര പരിസ്ഥിതിയിൽ സാമൂഹിക അസമത്വത്തിന്റെ സ്വാധീനം വില യിരുത്തുന്നു. |

| പദങ്ങൾ/ ആശയങ്ങൾ | പ്രക്രിയയും പ്രവർത്തനങ്ങളും വിലയിരുത്തലും | പഠന നേട്ടങ്ങൾ |
|---|---|---|
| | **വിലയിരുത്തൽ**<br>പ്രക്രിയ : ചർച്ചയിലെ പങ്കാളിത്തം, പ്രകടനം എന്നിവ വിലയിരുത്തുക.<br>പോർട്ട്ഫോളിയോ : ചർച്ചാകുറിപ്പുകൾ, റിപ്പോർട്ട്. | |

**8.3 പാഠത്തിലേക്ക്**

പരിസ്ഥിതിയും സമൂഹവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള പഠിതാക്കളുടെ മുന്നറിവുകളുടെ അടിസ്ഥാനത്തിൽ ഒരു പൊതു ചർച്ചയിലേക്ക് നയിക്കുന്നു. തുടർന്ന് കൊളാഷ്/ചിത്രങ്ങളുടെ സഹായത്താൽ വിവിധ പരിസ്ഥിതി പ്രശ്നങ്ങൾ (പ്രാദേശികമായും, ആഗോള തലത്തിലുള്ളവയും) പരിചയപ്പെടുത്തുന്നു. വ്യക്തിയും പരിസ്ഥിതിയും തമ്മിലുള്ള ബന്ധം, പരിസ്ഥിതിയും സമൂഹവും തമ്മിലുള്ള ബന്ധങ്ങൾ ഇവയുമായി ബന്ധപ്പെട്ട് ഗ്രൂപ്പ് ചർച്ച നടത്തുന്നു. ചർച്ചയിലൂടെ രൂപപ്പെടുന്ന ആശയങ്ങൾ ഓരോ ഗ്രൂപ്പിൽ നിന്നും ഒരു പഠിതാവ് അവതരിപ്പിക്കുകയും അതുമായി ബന്ധപ്പെട്ട അഭിപ്രായങ്ങൾ പൊതുവായി ചർച്ച നടത്തുകയും ചെയ്യണം. ഗ്രൂപ്പ് ചർച്ചകളിലും പൊതുചർച്ചകളിലും അംഗങ്ങളുടെ പങ്കാളിത്തം നിരീക്ഷണ വിധേയമാക്കുകയും പ്രക്രിയ വിലയിരുത്തലിന്റെ ഭാഗമായി അധ്യാപകൻ/ അധ്യാപിക രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

പഠന പ്രക്രിയയുടെ ഭാഗമായി പഠിതാക്കൾ താഴെപ്പറയുന്ന ആശയങ്ങളിൽ എത്തിച്ചേർന്നു എന്ന് ഉറപ്പു വരുത്തണം.

- മനുഷ്യൻ തന്റെ ചുറ്റുപാടിലെ ജീവിയ-അജീവിയ ഘടകങ്ങളുമായി പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.
- ഭൗതിക, ജൈവിക, ഘടകങ്ങളും മനുഷ്യനും തമ്മിലുള്ള പാരസ്പര്യത്തെക്കുറിക്കുന്ന പഠനമാണ് പരിസ്ഥിതി വിജ്ഞാനം.

പഠിതാക്കളുടെ ചർച്ചാകുറിപ്പുകളും അധ്യാപകൻ/അധ്യാപികയുടെ ക്രോഡീകരണം ഉൾപ്പെടെ നോട്ടുബുക്കിൽ രേഖപ്പെടുത്തിയ ആശയങ്ങൾ പോർട്ട്ഫോളിയോ വിലയിരുത്തലിന്റെ ഭാഗമായി പരിഗണിക്കേണ്ടതാണ്.

പാഠഭാഗത്തിലെ മുഴുവൻ ആശയങ്ങളും പഠന പ്രവർത്തനങ്ങളിലൂടെയും സ്വയംപഠന സാമഗ്രികളുടെ സഹായത്തോടെ സമ്പർക്ക ക്ലാസുകളിൽ കൂടുതൽ വ്യക്തമാക്കുവാൻ ശ്രമിക്കേണ്ടതാണ്.

**8.4 തുടർ പ്രവർത്തനങ്ങൾ**

1. പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഇന്ന് വർധിച്ചുവരികയാണ്. ഇതുമൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ വിലയിരുത്തി കുറിപ്പ് തയാറാക്കുക.

# അധ്യായം- 9

# പാശ്ചാത്യ ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ

സമയം : 3 മണിക്കൂർ

**9.1 ആമുഖം**

ശാസ്ത്ര വിപ്ലവവും ഫ്രഞ്ച് വിപ്ലവവും വ്യവസായവിപ്ലവവും സമൂഹശാസ്ത്രത്തിന്റെ ഉത്ഭവത്തിന് ഇടയാക്കിയ കാര്യങ്ങൾ മുൻപ് ചർച്ച ചെയ്യപ്പെട്ടതാണ്. ഈ കാലയളവിൽ ലോകത്ത് ഉണ്ടായ മാറ്റങ്ങൾ സമൂഹത്തെക്കുറിച്ച് ശാസ്ത്രീയമായ പഠനത്തിന്റെ ആവശ്യകത വർദ്ധിപ്പിച്ചു. ഈ ഉദ്യമത്തിൽ മുൻപേ നടന്ന സമൂഹശാസ്ത്രജ്ഞന്മാരിൽ കാൾമാക്സ്, എമൈൽ ദുർഖീം, മാക്സ് വൈബർ എന്നിവരുടെ ആശയങ്ങൾ ഈ അധ്യായത്തിൽ ചർച്ച ചെയ്യപ്പെടുന്നു.

**9.2 യൂണിറ്റ് ഫ്രെയിം**

| പദങ്ങൾ/ ആശയങ്ങൾ | പ്രക്രിയയും പ്രവർത്തനങ്ങളും വിലയിരുത്തലും | പഠന നേട്ടങ്ങൾ |
|---|---|---|
| ജ്ഞാനോദയം ഫ്രഞ്ച് വിപ്ലവം സമൂഹശാസ്ത്രത്തിന്റെ ആവിർഭാവം. | **പ്രവർത്തനം:**<br>• ചിത്രങ്ങൾ, ഹാൻഡ്ഔട്ടുകൾ എന്നിവ ഉപയോഗിച്ച് ചർച്ച.<br>• വിശകലനം<br>**വിലയിരുത്തൽ**<br>• പ്രവർത്തനങ്ങളിലെ പങ്കാളിത്തം.<br>• പഠിതാവിന്റെ ചർച്ച വിശകലന റിപ്പോർട്ട്. | സമൂഹശാസ്ത്രത്തിന്റെ ആവിർഭാവത്തിന് വഴിതെളിച്ച പ്രധാന സംഭവങ്ങളെ തിരിച്ചറിയുന്നു. |
| • കാൾമാക്സ്<br>• എമൈൽ ദുർഖീം<br>• മാക്സ് വൈബർ | **പ്രവർത്തനം:**<br>ജീവചരിത്രം, സംഭാവനകൾ, ചെറുകുറിപ്പുകൾ, ചർച്ച.<br>**വിലയിരുത്തൽ**<br>• പങ്കാളിത്തം<br>• റിപ്പോർട്ടുകൾ, കുറിപ്പുകൾ | പാശ്ചാത്യ സമൂഹശാസ്ത്രജ്ഞരായ കാൾ മാക്സ്, എമൈൽ ദുർഖീം, മാക്സ് വൈബർ എന്നിവരുടെ സംഭാവനകൾ തിരിച്ചറിയുന്നു. |
| അന്യവൽക്കരണം<br>• പ്രകൃതിയിൽ നിന്നും<br>• പരസ്പരം<br>• അധ്വാന ഫലത്തിൽ നിന്നും<br>• അവനവനിൽ നിന്നും | **പ്രവർത്തനം:**<br>അന്യവൽക്കരണത്തിന്റെ വ്യത്യസ്ത തലങ്ങൾ വെളിവാക്കുന്ന പദസൂര്യന്റെ സഹായത്തോടെയുള്ള വിശകലനം.<br>**വിലയിരുത്തൽ**<br>• പങ്കാളിത്തം (ജനാധിപത്യപരമായ സമീപനം)<br>• പദസൂര്യൻ ചിത്രീകരണം. | കാൾ മാക്സിന്റെ അന്യവൽക്കരണം എന്ന സിദ്ധാന്തം വിശദീകരിക്കുന്നു. |
| ഉൽപ്പാദന സമ്പ്രദായം വിവിധ ഘട്ടങ്ങളിൽ | **പ്രവർത്തനം:**<br>പ്രാകൃത കമ്യൂണിസം മുതൽ സോഷ്യലിസം വരെയുള്ള വ്യത്യസ്ത കാലഘട്ടങ്ങളിൽ നിലനിന്നിരുന്ന സമൂഹങ്ങളുടെ ഫ്ളോ ചാർട്ട് ഉപയോഗിച്ചുള്ള ചർച്ചയും വിശകലനവും.<br>**വിലയിരുത്തൽ**<br>• പങ്കാളിത്തം<br>• ചർച്ച റിപ്പോർട്ട് | മാക്സിന്റെ ഉൽപ്പാദന സമ്പ്രദായം വിവിധ ഘട്ടങ്ങളിൽ സാമൂഹിക വ്യവസ്ഥയെ എങ്ങനെ സ്വാധീനിച്ചു എന്ന് തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു. |

| പദങ്ങൾ/ ആശയങ്ങൾ | പ്രക്രിയയും പ്രവർത്തനങ്ങളും വിലയിരുത്തലും | പഠന നേട്ടങ്ങൾ |
|---|---|---|
| വർഗസമരം | **പ്രവർത്തനം:**<br>ചർച്ച. തൊഴിലിടത്തിലെ തൊഴിലാളി മുതലാളി ഇടപെടലിന്റെ കേസ് പഠനം, ചർച്ചാ സൂചകങ്ങൾ<br>• വർഗ താൽപര്യം<br>• വർഗ സംഘടനം<br>**വിലയിരുത്തൽ**<br>• പങ്കാളിത്തം<br>• ചർച്ചാ റിപ്പോർട്ട്/ കുറിപ്പ് | കാൾ മാക്സിന്റെ വർഗ സമര ആശയം തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു. |
| സാമൂഹ്യ യാഥാർഥ്യങ്ങൾ | **പ്രവർത്തനം:**<br>• കേസ് വിശകലനം. ആത്മഹത്യ കേസുകൾ വിശകലനം ചെയ്യുന്നു.<br>• ആത്മഹത്യ ഒരു സാമൂഹ്യ യാഥാർഥമായി അവതരിപ്പിച്ച് ചർച്ച.<br>**വിലയിരുത്തൽ**<br>• പങ്കാളിത്തം<br>• വിശകലന/ചർച്ച കുറിപ്പുകൾ | എമൈൽ ദുർഖീമിന്റെ സാമൂഹ്യ യാഥാർഥ്യങ്ങൾ എന്ന ആശയം വിശദീകരിക്കുന്നു. |
| തൊഴിൽ വിഭജനസിദ്ധാന്തം<br>• യാന്ത്രിക ഐക്യദാർഢ്യം<br>• ജൈവ ഐക്യദാർഢ്യം | **പ്രവർത്തനം:**<br>• സെമിനാർ<br>വിഷയം : 'ആധുനിക കാലത്തെ തൊഴിൽ വിഭജനം - സാധ്യതകൾ, ലക്ഷ്യങ്ങൾ'<br>• ചർച്ച<br>• ചാർട്ട് തയാറാക്കൽ.<br>• യാന്ത്രിക ഐക്യദാർഢ്യം<br>• ജൈവ ഐക്യദാർഢ്യം ഉദാഹരണങ്ങൾ<br>**വിലയിരുത്തൽ**<br>• പങ്കാളിത്തം<br>• സെമിനാർ റിപ്പോർട്ട്<br>• ചാർട്ട് | ദുർഖീമിന്റെ തൊഴിൽ വിഭജന സിദ്ധാന്തത്തിന്റെ പ്രസക്തി തിരിച്ചറിയുന്നു. |
| • സോഷ്യൽ ആക്ഷൻ<br>• സഹഭാവന രീതി<br>• വസ്തു നിഷ്ഠ പഠനം<br>• മൂല്യ നിരപേക്ഷത | **പ്രവർത്തനം:**<br>മാക്സ് വൈബറിന്റെ സംഭാവനകൾ ഹാൻഡ് ഔട്ടിന്റെ സഹായത്തോടെ ചർച്ച ചെയ്യുന്നു.<br>**വിലയിരുത്തൽ**<br>• പങ്കാളിത്തം<br>• ചർച്ചാ റിപ്പോർട്ട് | മാക്സ് വൈബറിന്റെ സമൂഹശാസ്ത്ര പഠന രീതി ശാസ്ത്രത്തെക്കുറിച്ച് വിവരിക്കാൻ കഴിയുന്നു. |
| • ആദർശ മാതൃക അധികാരം<br>• ഉദ്യോഗവൃന്ദം | **പ്രവർത്തനം:**<br>ഒരു സർക്കാർ/അർധസർക്കാർ ആഫീസിലെ ഉദ്യോഗവൃന്ദത്തിന്റെ ഫ്ളോചാർട്ട് തയാറാക്കി വിശകലനം ചർച്ച.<br>**വിലയിരുത്തൽ**<br>• പങ്കാളിത്തം<br>• ചർച്ചാ റിപ്പോർട്ട് | വെബറുടെ 'ഉദ്യോഗ വൃന്ദ സിദ്ധാന്തം' തിരിച്ചറിയാനും വിവരിക്കാനും കഴിയുന്നു. |

### 9.3 പാഠത്തിലേക്ക്

ഈ അധ്യായം ആരംഭിക്കുന്നതിന് മുൻപ് സമൂഹശാസ്ത്രജ്ഞരായ മാക്സ്, ദുർഖീം, വെബർ എന്നിവരെക്കുറിച്ച് അവരുടെ സംഭാവനകളുടെ ചുരുക്കെഴുത്തുകളും തയാറാക്കി (അവരവരുടെ ആക്ടിവിറ്റി ലോഗിൽ) വരാൻ നിർദേശിക്കണം. അവ ചർച്ചകളിൽ പരമാവധി പ്രയോജനപ്പെടുത്തണം. വിലയിരുത്തലുകൾ അപ്പോൾ തന്നെ രേഖപ്പെടുത്തുക.

### 9.4 തുടർ പ്രവർത്തനം

1. ഒരു വ്യവസായശാലയിലെ മുതലാളി തൊഴിലാളി പാരസ്പര്യത്തിന്റെ നേർകാഴ്ചാ കുറിപ്പ് തയാറാക്കുക. ഇന്റർവ്യൂ, നിരീക്ഷണം, ചോദ്യാവലി എന്നിവ ഏതെങ്കിലും ഉപയോഗിക്കണം.
2. കർഷക ആത്മഹത്യകളെ ദുർഖീമിന്റെ ആത്മഹത്യ സിദ്ധാന്ത പശ്ചാത്തലത്തിൽ വിശകലനം ചെയ്ത് റിപ്പോർട്ട് തയാറാക്കുക.
3. ഏതെങ്കിലും ഒരു പൊതു സ്ഥാപനത്തിലെ ഉദ്യോഗവൃന്ദ സംവിധാനത്തിലെ പ്രത്യേതകൾ വിശകലനം ചെയ്ത് കുറിപ്പു തയാറാക്കുക.

# അധ്യായം- 10

# ഇന്ത്യൻ സമൂഹശാസ്ത്രജ്ഞന്മാർ

സമയം : 3 മണിക്കൂർ

### 10.1 ആമുഖം

ലോക സമൂഹശാസ്ത്രപഠന ഭൂപടത്തിൽ വളരെ പതുക്കെയെങ്കിലും തനതായ ശൈലിയിൽ സ്വന്തം സ്ഥാനമുറപ്പിച്ചു കഴിഞ്ഞിരിക്കയാണ് ഇന്ത്യയിലെ സമൂഹശാസ്ത്ര പഠനങ്ങൾ. ഇതിന് സഹായിച്ച അനന്തകൃഷ്ണ അയ്യർ, ശരത് ചന്ദ്രറോയി, ജി.എസ്.ഘുര്യെ, ഡി.പി.മുഖർജി, എ.ആർ.ദേശായി, എം. എൻ.ശ്രീനിവാസ് തുടങ്ങിയവരുടെ സംഭാവനകൾ ഈ യൂണിറ്റിൽ പരിചയപ്പെടുത്തുന്നു.

### 10.2 യൂണിറ്റ് ഫ്രെയിം

| പദങ്ങൾ/ ആശയങ്ങൾ | പ്രക്രിയയും പ്രവർത്തനങ്ങളും വിലയിരുത്തലും | പഠന നേട്ടങ്ങൾ |
|---|---|---|
| എൻ.കെ.അനന്തകൃഷ്ണ അയ്യർ<br>ശരത്ചന്ദ്ര റോയ് | **പ്രവർത്തനം:**<br>എൽ.കെ.അനന്തകൃഷ്ണ അയ്യരുടെയും ശരത്ചന്ദ്രറോയുടെയും സംഭാവനകളുടെ കുറിപ്പുകൾ നൽകി ചർച്ച.<br>**വിലയിരുത്തൽ**<br>• ചർച്ചയിലെ പങ്കാളിത്തം.<br>• ചർച്ചാ കുറിപ്പുകൾ, | ആദ്യകാല ഇന്ത്യൻ സമൂഹശാസ്ത്രജ്ഞരായ, എൽ.കെ.അനന്തകൃഷ്ണ അയ്യർ, ശരത്ചന്ദ്ര റോയ് എന്നിവരുടെ സംഭാവനകൾ തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു. |
| ജി.എസ്.ഘുര്യെയുടെ സംഭാവനകൾ<br>ഗോത്രവിഭാഗങ്ങൾ | **പ്രവർത്തനം:**<br>ഗോത്ര വിഭാഗങ്ങളെ കുറിച്ചുള്ള ദേശീയ കാഴ്ചപ്പാടിന്റെയും ബ്രിട്ടീഷ് കാഴ്ചപാടിന്റെയും താരതമ്യ പഠനം (ഹാൻഡ് ഔട്ടുകൾ ഉപയോഗപ്പെടുത്തണം)<br>**വിലയിരുത്തൽ**<br>• ചർച്ചയിലെ പങ്കാളിത്തം<br>• താരതമ്യ പഠന കുറിപ്പുകൾ | ഇന്ത്യൻ ഗോത്ര വിഭാഗങ്ങളെകുറിച്ച് ജി.എസ്. ഘുര്യെയുടെ ദേശീയ കാഴ്ചപ്പാടും ബ്രിട്ടീഷ് കാഴ്ചപാടും താരതമ്യം ചെയ്യുന്നു. |
| ജാതി സമ്പ്രദായത്തിന്റെ പ്രത്യേകതകൾ- ഘുര്യെ. | **പ്രവർത്തനം:**<br>റൈസിലിയുടെ ജാതിയെക്കുറിച്ചുള്ള കാഴ്ചപ്പാടിനെ ഘുര്യെയുടെ കാഴ്ചപ്പാടുമായി താരതമ്യം ചെയ്ത് ചർച്ച ചെയ്യുന്നു. ജാതിയുടെ സവിശേഷതകൾ പട്ടികപ്പെടുത്തുന്നു.<br>**വിലയിരുത്തൽ**<br>• ചർച്ചയിലെ പങ്കാളിത്തം<br>• ചർച്ചാ കുറിപ്പുകൾ, പൂർത്തീകരിച്ച പട്ടിക | ഘുര്യെ ചൂണ്ടിക്കാട്ടുന്ന ഇന്ത്യൻ ജാതി സമ്പ്രദായത്തിന്റെ പ്രത്യേകതകൾ വിശദമാക്കുന്നു. |
| പാരമ്പര്യവും മാറ്റവും - ഡി.പി.മുഖർജി | **പ്രവർത്തനം:**<br>പാരമ്പര്യവും മാറ്റവും എന്ന വിഷയത്തിൽ ചർച്ച നടത്തുന്നു. ഡി.പി.മുഖർജിയുടെ പാരമ്പര്യത്തെക്കുറിച്ചുള്ള കാഴ്ചപാടിന്മേൽ ചർച്ച നടത്തുന്നു. | പാരമ്പര്യത്തെയും മാറ്റത്തെയും കുറിച്ച് ഡി.പി. മുഖർജിയുടെ വിശദീകരണം അവതരിപ്പിക്കുന്നു. |

| പദങ്ങൾ/ ആശയങ്ങൾ | പ്രക്രിയയും പ്രവർത്തനങ്ങളും വിലയിരുത്തലും | പഠന നേട്ടങ്ങൾ |
|---|---|---|
| | **വിലയിരുത്തൽ**<br>• ചർച്ചയിലെ പങ്കാളിത്തം<br>• ചർച്ചാ കുറിപ്പുകൾ | |
| • ക്ഷേമരാഷ്ട്രത്തെ വിലയിരുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ<br>• എ.ആർ.ദേശായി | **പ്രവർത്തനം:**<br>• ക്ഷേമരാഷ്ട്രം വിലയിരുത്താനുള്ള മാനദണ്ഡങ്ങൾ (എ.ആർ.ദേശായി അവതരിപ്പിച്ചത്) ഹാൻഡ് ഔട്ട് നൽകുന്നു. അതിന്മേൽ ചർച്ചയും വിശകലനവും.<br>മാനദണ്ഡങ്ങൾ ഉപയോഗിച്ച് ഇന്ത്യയെന്ന ക്ഷേമരാഷ്ട്രത്തിന്റെ സവിശേഷതകൾ കണ്ടെത്തി രേഖപ്പെടുത്തുന്നു.<br>**വിലയിരുത്തൽ**<br>• ചർച്ചയിലെ പങ്കാളിത്തം.<br>• ചർച്ചാ കുറിപ്പുകൾ, | • ക്ഷേമരാഷ്ട്രത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്താനായി എ.ആർ.ദേശായി മുന്നോട്ടു വെച്ച മാനദണ്ഡങ്ങളെ അപഗ്രഥനം ചെയ്യുന്നു.<br>• ക്ഷേമരാഷ്ട്രത്തിന്റെ സവിശേഷതകളെ പ്രസ്താവിക്കുന്നു. |
| സാമൂഹിക അപഗ്രഥനത്തിന്റെ അടിസ്ഥാന ഏകകം - എം.എൻ ശ്രീനിവസ് | **പ്രവർത്തനം:**<br>സാമൂഹ്യ അപഗ്രഥനത്തിന്റെ അടിസ്ഥാന ഏകകം ഏത് എന്നതിൽ ലൂയീസ് ഡ്യുമണ്ടിന്റെയും എം.എൻ.ശ്രീനിവാസിന്റെയും നിലപാടുകളുടെ ഹാൻഡ് ഔട്ടിന്മേൽ ചർച്ച. അനുകൂല പ്രതികൂല കാഴ്ചപ്പാടുകൾ ക്ലാസിൽ വിശകലനം ചെയ്ത് കുറിപ്പുകൾ തയാറാക്കണം.<br>**വിലയിരുത്തൽ**<br>• വിശകലനത്തിലെ പങ്കാളിത്തം<br>• വിശകലന കുറിപ്പുകൾ, | സാമൂഹ്യ അപഗ്രഥനത്തിന്റെ അടിസ്ഥാന യൂണിറ്റ് ഏത് എന്നതിൽ ലൂയിസ് ഡ്യുമങ്ങിന്റെയും എം.എൻ. ശ്രിനിവാസന്റെയും നിലപാടുകൾ അപഗ്രഥനം ചെയ്യുന്നു. |

### 10.3 പാഠത്തിലേക്ക്

അധ്യായത്തിൽ പ്രതിപാദിക്കപ്പെടുന്ന മേഖലകളെക്കുറിച്ച് പഠിതാവിനുള്ള മുൻധാരണകൾ പരിശോധിക്കണം. ഓരോ പ്രവർത്തനം നടക്കുമ്പോഴും പഠിതാക്കൾ അവരവരുടെ ആക്ടിവിടി ലോഗ് പൂർത്തീകരിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തണം. പഠിതാവിന്റെ പങ്കാളിത്തത്തെയും സംഭാവനകളെയും കുറിച്ച് നിരീക്ഷണങ്ങൾ രേഖപ്പെടുത്തണം. ഹാൻഡ് ഔട്ടുകൾ നേരത്തെ തന്നെ തയാറാക്കിയിരിക്കണം. പഠന പ്രവർത്തനത്തിലെ പഠിതാവിന്റെ പങ്കാളിത്തത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ കുറിക്കണം. പഠന തെളിവുകളെ പോർട്ട്ഫോളിയോയുടെ ഭാഗമായി വിലയിരുത്തണം.

### 10.4 തുടർ പ്രവർത്തനം

ഇന്ത്യൻ സമൂഹശാസ്ത്രജ്ഞരുടെ സംഭാവനകളെയും അവയെക്കുറിച്ചു പ്രത്യക്ഷമോ പരോക്ഷമോ ആയി വന്നിട്ടുള്ള മാധ്യമ ചർച്ചകളുടെ പകർപ്പ് ഉൾക്കൊള്ളിച്ച് ഒരു സ്ക്രാപ് ബുക്ക് തയാറാക്കുക.